Vol. 46, Issue 08, August 2024 Date of Publication : 15 August 2024
Place of Publication : Ernakulam. RNI No. KER/MAL/29523/78

# താലന്ത്

A Journal For Adult Catechesis




Vol. 45, Issue 01, January 2024 | Date of Publication : 15 January 2024
Place of Publication : Ernakulam.
RNI No. KER/MAL/29523/78

Talent Montyly, January 2024
Annual Subscription Rs. 180/-
Single Copy Rs. 15/-

# താലന്ത്

A Journal For Adult Catechesis




വായിക്കുക
വരിക്കാരാവുക
പ്രചരിപ്പിക്കുക

TALENT PUBLICATION SOCIETY
P.O.C., PALARIVATTOM, KOCHI - 682 025,
MOB: 944 744 1109, 999 543 3367,
Email : thalenthu@gmail.com

# താളുകളിലൂടെ..........


| | |
|---|---|
| എഡിറ്റോറിയൽ | 5 - 6 |
| തടവുകാർ നമ്മുടെ സ്നേഹിതർ - സർക്കുലർ | 7 - 11 |
| ജീസസ്സ് ഫ്രറ്റേണിറ്റി - ഒരു സ്നേഹവിസ്ഫോടനം !<br>**ഫാ. വർഗീസ് കരിപ്പേരി** | 12 - 15 |
| ജീസസ്സ് ഫ്രട്ടേണിറ്റി - തടവറയിലെ തണൽവൃക്ഷം<br>**ഫാ. ഡോ. ഫ്രാൻസിസ് കൊടിയൻ എംസിബിഎസ്** | 16 - 22 |
| ജസ്റ്റിസ് സൺഡേ (നീതിഞായർ) - സർക്കുലർ | 23 - 28 |
| യുവജനസൗഹൃദസഭ: യുവജനവർഷത്തിന്റെ സ്വപ്നം<br>**ഫാ. സ്റ്റീഫൻ തോമസ് ചാലക്കര** | 29 - 32 |
| യേശുവിന്റെ പ്രാർഥനകൾ :<br>**ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി** | 33 - 35 |
| കർത്താവേ, ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കുക.<br>**ബ്രദർ തോമസ് പോൾ കൊടിയൻ** | 36 - 41 |
| പാപസർപ്പപിശാചിന്റെ തല തകർക്കുവാൻ വരുന്ന<br>സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ<br>**എം. കോഴിമണ്ണിൽ** | 42 - 43 |
| അനുഭവക്കുറിപ്പ് : മിഷൻ - ആദിലാബാദ്<br>വിറ്റ്നസസ്സ് ഓഫ് മേഴ്സി, പി.ഒ.സി, പാലാരിവട്ടം<br>**റെനി മാർട്ടിൻ** | 44 - 48 |
| പശ്ചാത്താപമേ പ്രായശ്ചിത്തം<br>**ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരി** | 49 |
| ദൈവത്തിനു സ്തുതിപാടാം<br>**സി. ശോബിത എം.എസ്.ജെ** | 51 - 52 |
| മാതാപിതാക്കൾ ഭൂമിയിലെ കാണപ്പെട്ട ദൈവങ്ങൾ<br>**സി. സോളി ചാക്കോ ഡിസിപിബി** | 53 - 54 |
| ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ | 55 - 60 |
| വാർത്തകൾ | 61 - 65 |
| സമീക്ഷകൻ<br>**ആന്റണി ചടയംമുറി** | 66 |

# Talent Magazine

**Monthly**

**A Journal For**
**Adult Catechesis**
**From The Secretariat**
**of KCBC, POC.**

**Volume : 46, Issue No. 08**

August 2024

Place of Publication : Ernakulam
RNI No. KER/MAL/29523/78



| | | |
|---|---|---|
| **Chief Editor** | : | Rev. Fr. Tony Kozhimannil |
| **Managing Editor** | : | Rev. Fr. Jacob G. Palackappilly |
| **Consulting Editor** | : | Rev. Fr. Michael Pulickal CMI |
| **Associate Editor** | : | Mr. Antony Chadayammuri |
| **Editorial Board** | : | Rev. Fr. Stephen Thomas Chalakara |
| | | Rev. Dr. Abraham Irimbinikal |
| | | Rev. Dr. Joju Kokkatt |
| | | Dr. K.M. Francis |
| | | Chev. Dr. Edward Edezhath |
| | | Chev. Dr. Premus Perinchery |
| | | Dr. Nycil Romis Thomas |
| **Circulation Manager** | : | Rev. Sr. Solly Chacko DCPB |
| **Design & Layout** | : | Mrs. Ambily Jose |



**Talent Publication Society**
P.O.C., Palarivattom, Kochi - 682 025
Mob: 944 744 1109, 999 543 3367, Email : thalenthu@gmail.com

എഡിറ്റോറിയൽ

# തടവറകളിലേക്ക്
# കണ്ണയയ്ക്കാം, കണ്ണീരൊപ്പാം



**ഫാ. ടോണി കോഴിമണ്ണിൽ**
**ചീഫ് എഡിറ്റർ**

കുറ്റവാളികളുടെ വ്യക്തിപരമായ പശ്ചാത്തല വിവരങ്ങളിൽ തേടുമ്പോൾ ചില വൈരുദ്ധ്യങ്ങൾക്ക് ഇപ്പോൾ നാം സാക്ഷ്യം വഹിക്കുന്നു. തടവറ പ്രേഷിതത്വ ഞായർ ആചരണവേളയിൽ, നൂറു ശതമാനം സാക്ഷരത കൈവരിച്ച മലയാളികളിൽ കാണപ്പെടുന്ന അതിസങ്കീർണ്ണമായ അക്രമവാസനകൾ കൂടുതൽ ചർച്ച ചെയ്യപ്പെടേണ്ടതാണെന്നു തോന്നുന്നു. സ്ത്രീഹത്യ, ശിശുഹത്യ മുതിർന്നവരും നിസ്സഹായരവരുടെ നേരെയുള്ള അക്രമം തുടങ്ങിയ കുറ്റകൃത്യങ്ങളിലെ കാരണക്കാർ പലപ്പോഴും ഉന്നതവിദ്യാഭ്യാസവും കുലീനമായ സാംസ്ക്കാരികമികവുമുള്ളവരാണെന്നത് നമ്മെ അമ്പരപ്പിക്കുന്നുണ്ട്. തടവറകളിലുള്ളവർ പലരും ബിരുദധാരികൾ പോലുമാണെന്ന് ഈയിടെ നടത്തിയ സർവേയിൽ സൂചനയുണ്ട്. അതായത് കുറ്റവാളികൾക്ക് നിമിഷാർധത്തിൽ സംഭവിച്ച ഒഴിവാക്കാമായിരുന്ന കൈത്തെറ്റുകളാണ് അവരിൽ പലരെയും തടവറയിലേക്ക് നയിച്ചത്. അതുകൊണ്ടുതന്നെ ഈ കാലഘട്ടത്തിൽ തടവറമക്കളെ മനസ്സുകൊണ്ട് ചേർത്തുപിടിച്ച് അവരെ മാനസാന്തരത്തിലേക്ക് നയിക്കുന്ന കൂട്ടായ ശ്രമങ്ങൾ കാലഘട്ടത്തിന്റെ അനിവാര്യതയാണ്.

പല മതങ്ങളും വ്യക്തികളുടെ രക്ഷ മാത്രം ലക്ഷ്യമിടുമ്പോൾ കത്തോലിക്കാസഭയാകട്ടെ, എല്ലാവരും രക്ഷനേടണമെന്ന സുവർണ്ണ സിദ്ധാന്തത്തിന്റെ പാതയിലാണ് ചരിക്കുന്നത്. ചുരുക്കത്തിൽ വിശ്വാസത്തിന്റെ സ്വകാര്യവത്ക്കരണത്തെ സഭ അനുകൂലിക്കുന്നില്ല.

പലപ്പോഴും തടവറമക്കൾ സമാധാനമില്ലാത്തതും സ്നേഹമില്ലാത്തതുമായ സമൂഹത്തിന്റെ ഉൽപ്പന്നങ്ങളായി പരിണമിക്കുന്നുണ്ട്. കാരാഗൃഹത്തിലേക്കുള്ള കൈനീട്ടൽ, പ്രക്ഷുബ്ധമായി മാറുന്ന സമൂഹത്തിനായുള്ള സാന്ത്വനമായി

രൂപാന്തരപ്പെടുത്താനാണ് സഭയുടെ തടവറശുശ്രൂഷ ലക്ഷ്യമിടുന്നത്.

വിചാരണത്തടവുകാരുടെ എണ്ണം വർധിക്കുന്നത് നീതിന്യായസംവിധാനതലത്തിൽ അനിവാര്യമായ ദ്രുതഗതിയിലുള്ള പ്രവർത്തനങ്ങളുടെ പോരായ്മയായി പരമോന്നത കോടതിയായ സുപ്രീംകോടതിയുടെ മുഖ്യന്യായാധിപൻപോലും വിലയിരുത്തിയിട്ടുണ്ട്. കുറ്റം ചെയ്യാത്തവരെ ദശകങ്ങൾ കഴിഞ്ഞ് നിരപരാധികളായി കോടതി തന്നെ കണ്ടെത്തിയ വാർത്തകളും നമുക്ക് വായിക്കാൻ കഴിഞ്ഞു. സമകാലികഭരണ-നീതിന്യായ സംവിധാനങ്ങളുടെ ഇരകളായി ഇത്തരം നിരപരാധികൾ കാരണമില്ലാതെ ശിക്ഷയനുഭവിക്കേണ്ടിവരുന്നത് ജനാധിപത്യവ്യവസ്ഥിതിക്ക് ചേർന്നതല്ല.

അതിക്രമങ്ങളെ ചെറുക്കാൻ കുറ്റങ്ങൾ തടയാനുള്ള മനഃനവീകരണത്തിനാണ് നാം ശ്രദ്ധ നൽകേണ്ടത്. അതോടൊപ്പം സുവിശേഷത്തിൽ അടയാളപ്പെടുത്തിയ സുകൃത പ്രവൃത്തിയെന്ന നിലയിലുള്ള കാരാഗൃഹങ്ങളിലേക്കുള്ള കണ്ണയയ്ക്കലും കൈനീട്ടലും ത്വരിതപ്പെടുത്തേണ്ടതുണ്ട്. (ദേശീയ തലത്തിൽ പ്രിസൺ മിനിസ്ട്രി ഇന്ത്യയിൽ പി. എം.ഐ.) കേരളത്തിൽ യേശുസാഹോദര്യ കൂട്ടായ്മയും (ജീസസ്സ് ഫ്രട്ടേണിറ്റി) നടത്തിവരുന്ന തടവറ പ്രേഷിതത്വ ശുശ്രൂഷയിൽ ഓരോ ക്രൈസ്തവരും കഴിയാവുന്ന രീതിയിൽ പങ്കാളികളാകാൻ തടവറ പ്രേഷിതത്വഞായർ ആചരണം നമ്മെ പ്രചോദിപ്പിക്കുന്നു.

ഓരോ വ്യക്തികളുടെയും കുടുംബ-സമൂഹപശ്ചാത്തലങ്ങളിൽ മനുഷ്യരെ നിസ്വാർത്ഥമായി സ്നേഹിക്കുന്നവരുടെ കൂടിവരവുകൾ വർദ്ധിച്ചാൽ മാത്രമേ തടവറകളിലെ 'ആൾക്കൂട്ട'ങ്ങൾക്ക് അറുതി വരുകയുള്ളു. അക്രമം മനുഷ്യരുടെ അടിസ്ഥാനസ്വഭാവമായി പരിണമിക്കുമോയെന്ന ആധിയാണ് പലർക്കുമുള്ളത്. എന്നാൽ അത്തരം ഇടർച്ചകളെ ദുരീകരിക്കാനാവുന്നവിധം സ്നേഹത്തിലും സമാധാനത്തിലും അധിഷ്ഠിതമായ 'സ്നേഹവിപ്ലവം' സമൂഹത്തിൽ അരങ്ങേറണം. ബാഹ്യമായ കാരിരുമ്പഴികളേക്കാൾ, തടവുകാരെ നൊമ്പരപ്പെടുത്തുന്നതും അസ്വസ്ഥരാക്കുന്നതും സമൂഹം തീർക്കുന്ന അദൃശ്യമായ നമ്മുടെ മനസ്സിന്റെ ഇരുമ്പഴികളാണെന്ന് നാം ഓർമ്മിക്കേണ്ടതുണ്ട്.

*




കെസിബിസി-സർക്കുലർ

# തടവുകാർ നമ്മുടെ സ്നേഹിതർ



**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി ഇന്ത്യ ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

ആഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ചയാണ് തടവറ ശുശ്രൂഷാ ഞായറായി ആചരിക്കപ്പെടുന്നത്. വിശുദ്ധ മാക്സ്മില്യൻ കോൾബേയുടെ (1894-1941) തിരുനാൾ ആഗസ്റ്റ് പതിനാലാം തീയതി ആഘോഷിക്കപ്പെടുന്നതിന്റെ പശ്ചാത്തലത്തിലാണിത്. വി. മാക്സ്മില്യൻ കോൾബേ തടവറയിൽ ആയിരിക്കുന്നവരുടെയും തടവറ പ്രേഷിതത്വത്തിന്റെയും മധ്യസ്ഥനാണ്. തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ ഈശോ തന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ സ്നേഹിതന്മാർ എന്നാണ് വിളിച്ചത്. ആരായിരുന്നു ഈ തെരഞ്ഞെടുക്കപ്പെട്ടവർ? അവർ തികച്ചും സാധാരണക്കാരും ബലഹീനരും പ്രലോഭനങ്ങളിൽ ഇടറിവീണവരുമായിരുന്നു! പിന്നീട് തന്നെ നിഷേധിച്ചുപറയും എന്നു താൻ അറിഞ്ഞിരുന്ന പത്രോസിനെയും ഒറ്റുകാരനായിരുന്ന യൂദാസിനെയും ചുങ്കക്കാരനായ മത്തായിയെയും യേശു സ്നേഹിതൻ എന്ന് വിളിച്ചു. കുറവുകളുള്ള ആ മനുഷ്യരെയെല്ലാം ക്രിസ്തു സ്നേഹിതരെന്നു വിളിച്ചെങ്കിൽ തടവുപുള്ളികളെയും അവിടന്ന് അപ്രകാരം വിളിക്കില്ലേ? യേശുവിനെ അനുഗമിക്കുന്നവരായ നമുക്കും തടവറയുടെ മക്കൾ സ്നേഹിതരാകേണ്ടവരാണ്.

## തടവറ ശുശ്രൂഷാഞായർ

തടവറ പ്രേഷിതഞായർ ആചരിക്കുന്ന ഈ വേളയിൽ തടവുകാരെ നമുക്ക് നമ്മുടെ സ്നേഹിതരായി കണക്കാക്കുകയും അവരുടെ സമഗ്ര



മാനുഷിക വളർച്ചയ്ക്കായി പ്രവർത്തിക്കുകയും ചെയ്യാം. *ഭാരത ത്തിലെ തടവറപ്രേഷിത ശുശ്രൂഷ* (Prison Ministry India) ഒരു ആധ്യാത്മിക പ്രസ്ഥാനമാണ്. അത് തടവുപുള്ളികളുടെയും അവരുടെ ഇരകളു ടെയും മോചനത്തിനും നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിച്ചുവരുന്നു. ജീസ്സസ് ഫ്രട്ടേണിറ്റി (യേശു സാഹോ ദര്യം) എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. തൊഴിൽ പദ്ധതി കൾ, തടവറയിൽ ആയിരിക്കുന്നവർക്കും അവരുടെ മക്കൾക്കും വേണ്ടിയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ, തടവറയിൽ ആയിരി ക്കുന്നവരുടെ മോചനത്തിനുള്ള നിയമസഹായങ്ങൾ, വിവാഹത്തിനും കുടുംബങ്ങളുടെ ദൈനംദിനകാര്യങ്ങൾക്കും വേണ്ട സഹായങ്ങൾ, ഭവന നിർമാണപദ്ധതി എന്നിവ ജീസ്സസ് ഫ്രട്ടേണിറ്റി നടത്തിവരുന്നു. അതീവ സുരക്ഷാസംവിധാനങ്ങളുള്ള ജയിലറകളിലെ അതിക്രൂരരായ ജയിൽപുള്ളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി മാറിയ സംഭ വങ്ങളുണ്ട്. യേശു സാഹോദര്യത്തിന്റെ പ്രവർത്തനങ്ങൾ വഴിയായി, കർത്താവ് നല്ല കള്ളനു നല്കിയതുപോലെ, ഇന്നും അനേകർക്ക് വിമോചനം ലഭിക്കുന്നു. നമുക്കും ഈ മഹത്തായ ശുശ്രൂഷയിൽ ആത്മാർഥമായി പങ്കുകാരാകാം.

എല്ലാ വിശുദ്ധർക്കും ഒരു ഭൂതകാലവും എല്ലാ പാപികൾക്കും ഒരു ഭാവികാലവും ഉണ്ട്. ഫ്രാൻസീസ് മാർപാപ്പാ എഴുതുന്നു: “നമ്മോടു ക്ഷമിക്കുന്നതിൽ ദൈവം ഒരിക്കലും ക്ഷീണിതനാകുന്നില്ല. അവിടുത്തെ കാരുണ്യം തേടുന്നതിൽ ക്ഷീണിതരാകുന്നത് നമ്മളാണ്” (EG. 3). ദൈവം നമ്മോടു ക്ഷമിക്കുകയും നമ്മെ നവീകരിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യുന്നു. ജയിലറകൾ വലിയ കുറ്റവാളികളും കൊലപാതകികളും തസ്കരന്മാരും വസിക്കുന്ന ഇടമാണെങ്കിലും അവിടേയ്ക്കും ദൈവകൃപയുടെ പ്രവാഹമുണ്ട്. പാപം വർധിച്ചിടത്ത് കൃപ അതിലേറെ വർധിച്ചു' (റോമാ 5:20). എന്ന തിരുവചനചിന്ത പ്രത്യാശാഭരിതമാണ്.

## തടവറകളിലെ സ്ഥിതിവിവരക്കണക്ക്

2022 ഡിസംബർ 31-ാം തീയതി National Crime Record Bureau പ്രസിദ്ധീകരിച്ച ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ത്യയിലെ 1330 ജയിലുകളിലായി 5,73,220 തടവുകാർ ഉണ്ട്. അവയിൽ 4,34,302 പേർ വിചാരണത്തടവുകാരാണ്; അവർ ഇനിയും വിധികൂടാതെ തടവറകളിൽ പാർപ്പിക്കപ്പെട്ടവരാണ്. ഇതിൽ 23,772 പേർ സ്ത്രീകളാണ്; 1537 പേർ കുട്ടികൾകൂടെയുള്ള അമ്മമാരാണ്. 544 പേർ വധശിക്ഷ പ്രതീക്ഷിച്ച് കഴിയുന്നവരാണ്; 6283 പേർ വിദേശീയരുമാണ്. തടവുകാരിൽ ഏതാണ്ട് 10% എങ്കിലും കുറ്റം ചെയ്യാത്തവരെന്നു കരുതപ്പെടുന്നു. ആഗോളതലത്തിൽ 1.3 കോടി തടവുകാരുണ്ട്. തടവറയിലുള്ള നമ്മുടെ സഹോദരരെ സന്ദർശിച്ച് അവർക്ക് ആത്മീയവും ഭൗതികവുമായ സഹായം ചെയ്തുകൊടുക്കുക എന്നത് ക്രിസ്തീയ ആദ്ധ്യാത്മികതയുടെ ഭാഗമാണ്. എന്തെന്നാൽ ഈശോ പറഞ്ഞു, “ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തുവന്നു” (മത്താ 25:36).

## തടവറയ്ക്കുള്ളിലെ ഈശോയുടെ സ്നേഹിതർ

അഴികൾക്കുള്ളിൽ കഴിയുന്ന നമ്മുടെ എല്ലാ സഹോദരങ്ങളും വലിയ ഭീതിയിലും ആശങ്കയിലുമാണ് ജീവിക്കുന്നത്. നാളെ എന്ത്



സംഭവിക്കും എന്ന ചിന്ത അവരുടെ ഉള്ളിലെ ശക്തി മുഴുവനും ചോർത്തിക്കളയുന്നു. നമ്മൾ അവരെ സന്ദർശിക്കുമ്പോഴെല്ലാം അവർ അഭ്യർഥിക്കുന്നത്, തങ്ങൾക്കും തങ്ങളുടെ കുടുംബങ്ങൾക്കുംവേണ്ടി പ്രാർഥിക്കണമേയെന്നാണ്. "നാളെ എന്റെ കേസിന്റെ വിചാരണ യാണ്", "ജാമ്യാപേക്ഷ പരിഗണിക്കാനിരിക്കുകയാണ്", "എന്റെ മകളുടെ വിവാഹമാണ്" എന്നിങ്ങനെ പോകുന്നു അവരുടെ നിയോഗ ങ്ങൾ. വേദനയുടെയും കണ്ണീരിന്റെയും ആത്മസംഘർഷത്തിന്റെയും സഹനത്തിന്റെയും ഇടമാണ് തടവറ. ഫരിസേയന്റെ ഭവനത്തിലേക്ക് കടന്നുവന്ന സ്ത്രീ മറ്റു മനുഷ്യരുടെ കണ്ണുകളിൽ ഒരു പാപിനിയായി രുന്നു; എന്നാൽ ദൈവപുത്രിയായി പരിണമിച്ചു കൊണ്ടിരുന്നവളെ യാണ് യേശു അവളിൽ കണ്ടത്. അവൾ യേശുവിന്റെ സ്നേഹിത യായി മാറുകയായിരുന്നു. അതുപോലെതന്നെയാണ് തടവറയിലുള്ള നമ്മുടെ സഹോദരരും.

## പ്രേഷിത മാർഗങ്ങൾ

പ്രിയപ്പെട്ടവരേ, തടവറയിൽ കഴിയുന്നവരെ നമുക്ക് മൂന്ന് രീതിയിൽ സഹായിക്കാനാകും.

**1. പ്രാർത്ഥനയിലൂടെ :**

ജയിലിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടി നമുക്ക് ത്യാഗമനുഷ്ഠിച്ച് പ്രാർഥിക്കാം.

**2. സന്നദ്ധസേവനത്തിലൂടെ :**

മുറിവേറ്റവരും തിരസ്കരിക്കപ്പെട്ടവരും നഷ്ടപ്പെട്ടവരുമായവരെ ജീസസ്സ് ഫ്രട്ടേണിറ്റിയോട് ചേർന്നു ശുശ്രൂഷിക്കാനുള്ള നിങ്ങളുടെ താത്പര്യം വിളിക്കുള്ളിലെ ഒരു വിളിയാണ് (a call within a call). ഒരു സാധാരണക്കാരനുപോലും അഴികൾക്കു പിന്നിലുള്ള സഹോദരങ്ങൾക്കു വേണ്ടി ചെറിയ കാര്യങ്ങൾ വലിയ സ്നേഹത്തോടെ ചെയ്യാനാകും.

**3. സാമ്പത്തിക സഹായത്തിലൂടെ :**


തടവറയിലായിരിക്കുന്നവരുടെ നവീകരണത്തിനും പുനരധിവാസത്തിനും വേണ്ടിയുള്ള സാമ്പത്തിക സഹായം ഏറെ പ്രശംസാർഹമാണ്. തടവറ ശുശ്രൂഷയുടെ ഒരടിസ്ഥാനതത്ത്വം അപരനുവേണ്ടിയുള്ള യാചനയാണ്. ഇത് ഒരനുഗ്രഹമായാണ് നമ്മൾ കരുതുന്നത്. കാരണം, നാം യാചിക്കുന്നത് മറ്റുള്ളവർക്കുവേണ്ടിയാണ്; നിസ്സഹായരായ തടവറമക്കൾക്ക് മെച്ചപ്പെട്ട ഭാവി ഉണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് നാം സുമനസ്സുകളുടെ സഹായം തേടുന്നത്. അവരുടെ ജീവിതത്തിന് മാഹാത്മ്യം ലഭിക്കാനുതകുന്ന ഈ വിനീത ശ്രമങ്ങൾ ഏറെ ശ്ലാഘനീയമാണ്.

*

# ജീസസ്സ് ഫ്രട്ടേണിറ്റി -
# ഒരു സ്നേഹവിസ്ഫോടനം !



ജീസസ്സ് ഫ്രട്ടേണിറ്റി - ദൈവപരിപാലനയിൽ കത്തോലിക്കാസഭയിൽ രൂപപ്പെട്ട ഒരു ആത്മീയ പ്രസ്ഥാനമാണ്. 'ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെ അടുത്തു വന്നു' (മത്തായി 25:36) എന്ന ഈശോയുടെ വചനത്തിനുള്ള പ്രത്യുത്തരമാണ് 'യേശുസഹോദര്യം' അഥവാ 'ജീസസ്സ് ഫ്രട്ടേണിറ്റി'. ദൈവപരിപാലനയിൽ ഇതിനു തുടക്കമിട്ടത് കോട്ടയത്തിനടുത്തുള്ള വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലാണ്. 1981 ഡിസംബർ 7-ാം തിയതി ഉച്ചയ്ക്ക് 1.30 ന് ഒരു ഫോൺ കോളിൽ ബ്ര. വർഗീസ് കരിപ്പേരി, ബ്ര. ഫ്രാൻസിസ് കൊടിയനോട് പറഞ്ഞ ഒരു വാചകമാണ് ജീസസ്സ് ഫ്രട്ടേണിറ്റിയുടെ തുടക്കം. 'Be a Love Bomb!



**ഫാ. വർഗീസ് കരിപ്പേരി**
**(ജീസസ്സ് ഫ്രറ്റേണിറ്റി സഹസ്ഥാപകൻ)**

Let it be exploded not to kill, but to heal the broken hearts." (മറ്റുള്ളവരുടെ മുറിവുകളുണക്കുന്ന സ്നേഹത്തിന്റെ ഒരു ബോംബായി എന്റെ ജീവിതം പരിണമിക്കട്ടെ.) ഈ വാക്കുകളോട് ബ്ര. ഫ്രാൻസിസ് വളരെ ക്രിയാത്മകമായി പ്രതികരിച്ചു. വടവാതൂർ മേജർ സെമിനാരിയിലെ ആദ്യവർഷതത്വശാസ്ത്ര വിദ്യാർത്ഥികളായ ഞങ്ങൾ ആത്മീയ സുഹൃത്തുക്കളായി മാറുകയും സ്നേഹവിസ്ഫോടന

ങ്ങൾ നടത്താൻ തീരുമാനിക്കുകയും ചെയ്തു. ആദ്യം ഞങ്ങൾ ചെയ്തത് ദിവ്യകാരുണ്യ സന്നിധിയിൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുകയായിരുന്നു. എല്ലാ വ്യാഴാഴ്ചകളിലും സ്നേഹവിസ്ഫോടനത്തിനായി ചേരികളിലും ആശുപത്രികളിലും ജയിലുകളിലും സന്ദർശനങ്ങൾ നടത്തി വിവിധ കലാപരിപാടികൾ നടത്തിയിരുന്നു. 10 ബ്രദർമാരുള്ള ഒരു പ്രാർത്ഥനാഗ്രൂപ്പ് ആദ്യം രൂപപ്പെടുത്തി.

1986 മാർച്ച് 1-മുതൽ കേരളത്തിലെ 39 ജയിലുകളിൽ ഒരു സ്നേഹതീർത്ഥാടനം നടത്താൻ സാധിച്ചത് ജീസസ്സ് ഫ്രട്ടേണിറ്റിയുടെ വലിയൊരു ആരംഭമായിരുന്നു. തുടക്കഗ്രൂപ്പിൽ 3 വൈദികരും 8 ബ്രദർമാരുമാണ് ഉണ്ടായിരുന്നത്. ഈ തീർത്ഥാടനത്തിന് ഒരുക്കമായി 6 മാസത്തേക്ക് ചെയിൻ പ്രയർ ആന്റ് ഫാസ്റ്റിങ്ങ് ഞങ്ങൾ നടത്തി. ഇതായിരുന്നു ഞങ്ങളുടെ ആത്മീയ സമ്പാദ്യം. ഭൗതിക സമ്പാദ്യം കണ്ണൂരിലേക്കുള്ള ട്രെയിൻ ടിക്കറ്റ് മാത്രം. ഒരു സ്ഥലത്തുനിന്ന് പിരിവെടുത്താണ് അടുത്ത സ്ഥലത്തേക്കു പോയിരുന്നത്. ഈ തീർത്ഥാടനത്തിൽ എല്ലാ തടവറകളിലും കുമ്പസാരവും കൗൺസിലിങ്ങും ബലിയർപ്പണവും നടന്നു. തടവറകളിലെ സഹോദരങ്ങളുടെ വേദനകളും മാനസിക സംഘർഷങ്ങളും ശരിക്കും മനസിലാക്കാൻ ഈ സന്ദർശനം ഉപകരിച്ചു. തുടർ



ന്നാണ് തടവറ ശുശ്രൂഷകൾക്ക് രൂപഭാവങ്ങൾ നല്കിയത്. പിന്നീട് എല്ലാ വർഷങ്ങളിലും തടവറ തീർത്ഥാടനങ്ങൾ നടന്നുകൊണ്ടിരുന്നു.

1989 ആഗസ്റ്റ് മാസത്തിൽ കെസിബിസി (കേരള കാത്തലിക്ക് ബിഷപ്സ് കൗൺസിൽ) ജീസസ്സ് ഫ്രട്ടേണിറ്റിയെ അംഗീകരിച്ചു. ആദ്യത്തെ ഡയറക്ടറായി റവ. ഫാ. ജോസഫ് മക്കോളിൽ (കോതമംഗലം രൂപത) നിയമിതനായി. ഫാ. ഫ്രാൻസിസ് കൊടിയൻ എം. സി.ബി.എസ് അസിസ്റ്റന്റ് ഡയറക്ടറുമായി പി.ഒ.സി-യിൽ ചാർജ്ജെടുത്തു.

അസൗകര്യങ്ങളെ സൗകര്യങ്ങളാക്കി, ദൈവപരിപാലനയിൽ ആശ്രയിച്ച്, തടവറമക്കൾക്കു വേണ്ടി മറ്റുള്ളവരിൽനിന്ന് സംഭാവനകൾ സ്വീകരിച്ചുകൊണ്ട് 'ജീസസ്സ് ഫ്രട്ടേണിറ്റി' മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുന്നു. കാരാഗൃഹത്തിനുള്ളിൽ നിരാശപ്പെട്ട് ജീവിതം തള്ളി നീക്കുന്നവർക്ക് പ്രതീക്ഷ പകർന്ന് നൽകുന്ന തടവറ സന്ദർശനവും, ജയിൽ വിമുക്ത സഹോദരങ്ങൾക്ക് പുനരധിവാസം നൽകുന്ന സ്നേഹാശ്രമ ശൈലിയും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ തനതായ സംഭാവനയാണ്.






ഒരു തെറ്റും ചെയ്യാതെ, ലോകം നൽകുന്ന ഏറ്റവും വലിയ ശിക്ഷയായ കുരിശുമരണം ഏറ്റെടുത്തവനാണ് നസ്രായൻ ഈശോ. ജീവിതത്തിന്റെ അന്ത്യവിനാഴികയിൽ ഈശോ ചെയ്തത് ഒരു തടവുപുള്ളിയെ മാനസാന്തരപ്പെടുത്തലായിരുന്നു. (ലൂക്ക 23: 42-43) 1995 സെപ്തംബർ 22-ന് ഡൽഹിയിലെ 'നവിൻതാ' പാസ്റ്ററൽ സെന്ററിൽ വെച്ചു നടന്ന പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ നാഷണൽ കൺവെൻഷനിൽ വെച്ച് വി. മദർ തെരേസ പറഞ്ഞ വാക്കുകൾ വളരെ അനുസ്മരണീയമാണ്. 'തടവറയിലെ വേദനിക്കുന്ന മക്കളെ ശുശ്രൂഷിക്കുന്നത് ദൈവത്തിന്റെ മനോഹരമായ ഒരു പ്രവൃത്തിയാണ്. ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ." തടവറ സഹോദരങ്ങൾക്കു മാത്രമല്ല, അവർ മൂലം വേദനിക്കുന്ന കുടുംബാംഗങ്ങൾക്കും ശുശ്രൂഷ ചെയ്തുകൊണ്ട് ജീസസ്സ് ഫ്രട്ടേണിറ്റി വളരെ മനോഹരമായി മുന്നോട്ടു നീങ്ങുകയാണ്. ഏവർക്കും തടവറ പ്രേഷിത ശുശ്രൂഷയിലേയ്ക്ക് പ്രത്യേകം സ്വാഗതം ആശംസിക്കുന്നു.

*

# ജീസസ്സ് ഫ്രട്ടേണിറ്റി
# തടവറയിലെ തണൽവൃക്ഷം



**ഫാ. ഡോ. ഫ്രാൻസിസ് കൊടിയൻ എംസിബിഎസ്**
(ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സഹസ്ഥാപകൻ)

1981 – ൽ രൂപംകൊണ്ട യേശു സാഹോദര്യ കൂട്ടായ്മ തടവറമക്കളുടെ സമഗ്ര വികസനത്തിനായി പ്രവർത്തിച്ചുവരുന്നു. അഖില കേരള തടവറ തീർത്ഥാടനം നടത്തിയപ്പോൾ തടവറമക്കളുടെ വിഷമങ്ങളിൽ, പ്രധാനമായും മുഴങ്ങിക്കേട്ടത് അവർ ശിക്ഷ കഴിഞ്ഞ് പുറത്തു വരുമ്പോൾ അവർക്കായി ഒരു പാർപ്പിടമോ ഒരു പുനരധിവാസ കേന്ദ്രമോ ഇല്ല എന്നുള്ളതായിരുന്നു. അവരുടെ അഭ്യർത്ഥനകൾക്കും പ്രാർത്ഥനകൾക്കുമുള്ള ഉത്തരമാണ് തടവറമക്കളുടെ പുനരധിവാസ കേന്ദ്രങ്ങൾ അഥവാ സ്നേഹാശ്രമങ്ങൾ. പുരുഷന്മാർക്കായും സ്ത്രീകൾക്കായും പ്രത്യേകം പുനരധിവാസകേന്ദ്രങ്ങൾ പ്രിസൺ മിനിസ്ട്രി, ഇന്ത്യയുടെ നേതൃത്വത്തിൽ പ്രവർത്തനമാരംഭിച്ചു. തടവറമക്കളുടെ സമഗ്ര വികസനത്തിന് ഉന്നം വെച്ചുകൊണ്ടുള്ള കുട്ടികളുടെ ഭവനങ്ങളും പ്രിസൺ മിനിസ്ട്രി ഇന്ത്യ ആരംഭിച്ചിട്ടുണ്ട്.

## സ്നേഹാശ്രമം തൃശൂർ

തടവറമക്കൾക്കായുള്ള യേശു സാഹോദര്യ കൂട്ടായ്മയുടെ ആദ്യ പുനരധിവാസ കേന്ദ്രം തൃശ്ശൂരിനടുത്ത് വെട്ടുകാട് 1991 ഒക്ടോബർ ഒന്നിന് അഭിവന്ദ്യ ജോസഫ് കുണ്ടുകുളം പിതാവ് ഉദ്ഘാടനം ചെയ്തു. ബഹുമാനപ്പെട്ട വർഗീസ് കരിപ്പേരി അച്ചൻ ആയിരുന്നു പ്രഥമ ഡയറക്ടർ. ഇപ്പോഴത്തെ ഡയറക്ടർ ബഹുമാനപ്പെട്ട അലക്സാണ്ടർ കുരീക്കാട്ടിൽ അച്ചനാണ്. പുരുഷന്മാരായ തടവറമക്കൾക്കായുള്ള ഈ സ്ഥാപനത്തിലൂടെ നൂറുകണക്കിന് മക്കൾ നവീകരണത്തിലൂടെയും അനുതാപത്തിലൂടെയും കടന്നുപോവുകയും, പുനരധിവസിക്കപ്പെടുകയും, വിവാഹം കഴിച്ച് സന്തോഷപൂർവ്വം കുടുംബജീവിതം നയിക്കുകയും ചെയ്തിട്ടുണ്ട് എന്നത് നമുക്കേവർക്കും അഭിമാനകരമായ നേട്ടമാണ്. KCBC യുടെ തടവറ പ്രേഷിത ശുശ്രൂഷയുടെ ആദ്യ ചെയർമാനായിരുന്ന അഭിവന്ദ്യ ഫ്രാൻസിസ് കല്ലറയ്ക്കൽ പിതാവ് ഈ ശുശ്രൂഷയുടെ ഫലദായകത്വം കണ്ട് പ്രസ്താവിച്ചത് ഇപ്രകാരമായിരുന്നു, “യേശു



സാഹോദര്യ കൂട്ടായ്മ തടവറ മക്കൾക്കായി ചെയ്യുന്ന ശുശ്രൂഷ കേരളസഭയുടെ മുഖച്ഛായ തന്നെ മാറ്റിയിരിക്കുന്നു.”

## സ്നേഹാശ്രമം തിരുവനന്തപുരം

പുരുഷന്മാർക്കായുള്ള തൃശ്ശൂർ സ്നേഹാശ്രമത്തിന്റെ വിജയം മനസ്സിലാക്കിയ കേരള കത്തോലിക്കാ മെത്രാൻസമിതി സ്ത്രീകൾക്കായി ഇതുപോലൊരു സ്ഥാപനത്തിന് അനുമതി നൽകി. തിരുവനന്തപുരമാണ് നാം അതിന് തെരഞ്ഞെടുത്തത്. ബഹുമാനപ്പെട്ട ജോസഫ് മക്കോളിൽ അച്ചന്റെയും ബഹുമാനപ്പെട്ട ഫ്രാൻസിസ് കൊടിയൻ അച്ചന്റെയും ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ അച്ചന്റെയും നേതൃത്വത്തിൽ സ്ഥലം വാങ്ങുകയും കെട്ടിടം പണിയുകയും ചെയ്തു. 1992 ഒക്ടോബർ 11-ന് തിരുവനന്തപുരം മലങ്കര ആർച്ച്ബിഷപ്പ് മാർ ഗ്രിഗോറിയോസ് തിരുമേനി സ്നേഹാശ്രമം വെഞ്ചരിച്ച് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഈ ആശ്രമത്തിലൂടെ അനേകം സ്ത്രീകളായ തടവറ മക്കൾ നവീകരണത്തിലേക്കും പുനരധിവാസത്തിലേക്കും കുടുംബജീവിതത്തിലേക്കും കടന്നുവന്നു. ഇന്ന് വെനറീനി സന്യാസ സഭാംഗങ്ങളാണ് ഈ ശുശ്രൂഷയ്ക്ക് നേതൃത്വം കൊടുക്കുന്നത്.

## മറ്റു പുനരധിവാസ കേന്ദ്രങ്ങൾ

തൃശ്ശൂരിലേയും തിരുവനന്തപുരത്തെയും സ്നേഹാശ്രമ



ങ്ങളെ മാതൃകയാക്കി ഒട്ടനവധി പുനരധിവാസകേന്ദ്രങ്ങൾ വിവിധ സമർപ്പിത സമൂഹങ്ങളുടെയും രൂപതകളുടെയും നേതൃത്വത്തിൽ ആരംഭിക്കുകയുണ്ടായി. അതിൽ പ്രധാനപ്പെട്ടവ ക്ലരീഷ്യൻ സഭാം ഗങ്ങൾ നേതൃത്വം കൊടുക്കുന്ന എറണാകുളം പത്തടിപ്പാല ത്തുള്ള **'ശാന്തി നിവാസ്'** ആണ്. 2017-ൽ PMI ചെന്നൈ 'ഹോം' എന്ന പേരിൽ പുരുഷന്മാർ ക്കായും മറ്റൊരു പുനരധിവാസ കേന്ദ്രം ആരംഭിക്കുകയുണ്ടായി. 2021-ൽ PMI നാഷണൽ ഓഫീ സിന്റെ നേതൃത്വത്തിൽ ഫ്രാൻ സിസ് സേവിയർ കാർഡിനൽ Van Tu van ന്റെ നാമത്തിൽ 'Van Tu van Home' എന്ന പേരിൽ പുരു ഷന്മാർക്കായി മറ്റൊരു പുനര ധിവാസകേന്ദ്രം ബാംഗ്ലൂരിൽ ആരംഭിച്ചു. 1995-ൽ ഹോളി ക്രോസ് സിസ്റ്റേഴ്സ് സ്ത്രീകൾ ക്കായി **'ജീവോദയ'** എന്ന പേരിൽ ഒരു സ്ഥാപനം ബാംഗ്ലൂരിൽ ആരംഭിച്ചു. ഇതുപോലെ ഭാരത ത്തിന്റെ വിവിധ സംസ്ഥാനങ്ങ ളിൽ ഒട്ടനവധി പുനരധിവാസ കേന്ദ്രങ്ങൾ PMI യുടെ നേതൃത്വ ത്തിൽ പ്രവർത്തിച്ചുവരുന്നു.

## തടവറമക്കളുടെ കുട്ടികൾ ക്കായുള്ള ഭവനങ്ങൾ

തടവറ മക്കളുടെ കുട്ടികൾ ക്കായുള്ള ഭവനങ്ങളുടെ ആവിർ





ഭാവം തടവറ പ്രേഷിതശുശ്രൂഷയുടെ ഇപ്പോഴത്തെ ചെയർ പേഴ്സണായ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിലൂടെയാണ് ആരംഭിക്കുന്നത്. കുടുംബത്തിലെ ഏകമകനായ പിതാവ് തന്റെ വീടും പറമ്പും കാരാഗൃഹത്തിലുള്ള സഹോദരീസഹോദരന്മാരുടെ മക്കളുടെ സമഗ്ര വളർച്ചയ്ക്കായി വിട്ടുകൊടുക്കുകയായിരുന്നു. '**സ്നേഹദീപം**' എന്ന പേരിൽ അറിയപ്പെടുന്ന ഈ സ്ഥാപനത്തിന്റെ മാതൃകയിൽ മറ്റനേകം സമർപ്പിതസമൂഹങ്ങൾ തടവറമക്കളുടെ കുട്ടികൾക്കായി ഭവനങ്ങൾ ആരംഭിച്ചു.'Kolbe Home' എന്ന പേരിൽ 2015-ൽ PMI നാഷണൽ ഓഫീസിന്റെ നേതൃത്വത്തിൽ ബാംഗ്ലൂരിൽ കുട്ടികൾക്കായി ഒരു സ്ഥാപനം ആരംഭിക്കുകയും, സുഗമമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. 1997-ൽ ഡൽഹിക്ക് അടുത്ത് നോയിഡയിൽ പെൺകുട്ടികൾക്കായി ക്ലാരിസ് സിസ്റ്റേഴ്സ് '**ആശാസദൻ**' എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചു. 1999-ൽ SABS സിസ്റ്റേഴ്സ് '**കാരുണ്യാശ്രമം**' എന്ന പേരിൽ പെൺകുട്ടികൾക്കായി എറണാകുളം, തോപ്പിൽ എന്ന സ്ഥലത്ത് മറ്റൊരു സ്ഥാപനം ആരംഭിച്ചു. 2017-ൽ സെന്റ് ആൻ സിസ്റ്റേഴ്സ് '**പ്രേമോദയ**' എന്ന പേരിൽ പെൺകുട്ടികൾക്കായി ബാംഗ്ലൂരിൽ മറ്റൊരു സ്ഥാപനവും ആരംഭിച്ചു. ഇരുപതിലധികം പുനരധിവാസകേന്ദ്രങ്ങൾ PMI യുടെ



നേതൃത്വത്തിൽ ഫലദായകമായി പ്രവർത്തിച്ചുവരുന്നു. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ പറയുന്നു, ''തടവറ പ്രേഷിത ശുശ്രൂഷ തടവറ സന്ദർശനത്തിൽ മാത്രം ഒതുക്കി നിർത്തരുത്. തടവറ മക്കൾ പുറത്തുവരുമ്പോൾ അവരുടെ പുനരധിവാസം, ജോലി, ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, കുടുംബജീവിതം എന്നീ കാര്യങ്ങളിലും നമ്മൾ അവരെ സഹായിക്കണം.'' കുരിശിൽ കിടന്ന് പ്രാർത്ഥിച്ച നല്ല കള്ളന് പറുദീസ വാഗ്ദാനം ചെയ്ത ഈശോയെ അനുകരിച്ച് തടവറ പ്രേഷിത ശുശ്രൂഷയിൽ ഏർപ്പെടുന്നവർ തടവറ മക്കളുടെ പുനരധിവാസം, സമൂഹത്തിലേക്കുള്ള അവരുടെ സമഗ്രമായ ഉൾച്ചേരൽ, രക്ഷ എന്നീ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

**തടവറ മക്കളുടെ പുനരധിവാസ സംരംഭങ്ങളിൽ നമുക്ക് എങ്ങനെ സഹകരിക്കുവാൻ സാധിക്കും?**

പ്രാർത്ഥനയിലൂടെയും പരിത്യാഗപ്രവൃത്തികളിലൂടെയുമാണ്



കഠിന ഹൃദയരായ കാരാഗൃഹ സഹോദരീസഹോദരന്മാർ നവീകരിക്കപ്പെടുക. തടവറമക്കൾക്കായി വിശുദ്ധ കുർബാന കണ്ടു കാഴ്ചവയ്ക്കുകയും ജപമാലയും കരുണക്കൊന്തയുമൊക്കെ അവർക്കുവേണ്ടി ചൊല്ലുകയും കൊച്ചു കൊച്ചു പരിത്യാഗങ്ങൾ ചെയ്തു കാഴ്ചവയ്ക്കുകയും വേണം. പുനരധിവാസകേന്ദ്രങ്ങൾ സന്ദർശിച്ച് അവിടെ ശുശ്രൂഷ ചെയ്യുന്നവർക്ക് പിൻതുണയും പ്രോത്സാഹനവും നല്കുന്നതും വളരെ നല്ലതാണ്. ആവശ്യമായ സഹായ സഹകരണങ്ങളും സാമ്പത്തിക സഹായവും നല്കുന്നതും വളരെ ഉചിതമായ പ്രവൃത്തിയാണ്. കഴിഞ്ഞ നാലരപതിറ്റാണ്ടിലേറെ കാലമായി കത്തോലിക്കാസഭ കേരളത്തിലുടനീളവും ഭാരതത്തിലും ചെയ്തുകൊണ്ടിരിക്കുന്ന ഈ തടവറപ്രേഷിത ശുശ്രൂഷയിൽ നമുക്കും താല്പര്യപൂർവ്വം പങ്കെടുക്കാം. “ഞാൻ തടവറയിലായിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു. എന്ന തിരുവചനത്തിന്റെ അഭിഷേകം നമുക്ക് പ്രാപിക്കാം. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ എന്ന അനുഗൃഹീത വചനം അന്ത്യദിനത്തിൽ കേൾക്കുവാൻ ദൈവം നമുക്ക് ഇടനൽകട്ടെ.

*

# ജസ്റ്റിസ് സൺഡേ (നീതിഞായർ)

കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. (2024 ആഗസ്റ്റ് 18)
കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ



**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ, KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ, KCBC SC/ST/BC COMMISSION)

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ**
(വൈസ് ചെയർമാൻ, KCBC SC/ST/BC COMMISSION)

ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരീസഹോദരന്മാരേ,

ഭാരതം സ്വതന്ത്രയായിട്ട് 77 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദളിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 76 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദളിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടികജാതി സംവരണം നിഷേധിക്കപ്പെട്ടത്.

1950 ആഗസ്റ്റ് 10ന് ഇന്ത്യൻ പ്രസിഡണ്ട് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമത വിശ്വാസികളായ ദളിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956ൽ സിക്ക് വിശ്വാസികളെയും 1990ൽ ബുദ്ധമത വിശ്വാസികളായ ദളിതരെയും ഈ പട്ടികയിൽ ഉൾപ്പെടുത്തി. കേന്ദ്ര സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം പട്ടികജാതിക്കാരെ പോലെ ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണ പങ്കാളിത്തവും ഉദ്യോഗ, വിദ്യാഭ്യാസ പ്രവേശനവും വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ ആയി (ജസ്റ്റിസ് സൺഡേ) ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്കാ സഭയിൽ രണ്ട് കോടി ജനങ്ങളിൽ ഒന്നരക്കോടി ജനങ്ങളും ദളിത് വിഭാഗത്തിൽ നിന്നും കത്തോലിക്കാ വിശ്വാസം സ്വീകരിച്ചവരാണ്.

ഇവർ അനുഭവിക്കുന്ന ഈ നീതി നിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടു മാത്രമാണ്. അവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാൻ അവരോടൊപ്പം പങ്കുചേരുവാനും ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനും നീതി നിഷേധത്തിനെതിരെ അവർക്കൊപ്പം നിൽക്കുവാനുമാണ് നീതി ഞായർ ആചരിക്കുന്നതിന്റെ ലക്ഷ്യം. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരന്മാരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും

കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും വാടകവീടുകളിൽ കഴിയുന്നവരും സ്വന്തമായി ഭവനം ഇല്ലാത്ത അംഗങ്ങളും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു ഭവനത്തിൽ തന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെതന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്ത അവസ്ഥ ഈ സമൂഹത്തെ കൂടുതൽ ദുരിതത്തിന് കാരണമായിട്ടുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ ദളിത് ക്രൈസ്തവരെ പീഡിപ്പിച്ചു കൊണ്ടിരിക്കുന്നു. 1959 മുതൽ ലഭിച്ചു കൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചു കൊണ്ടിരിക്കുന്നു. കമ്മ്യൂണിറ്റി ക്വോട്ടയിലെ പ്രവേശനം ലഭിക്കുകയില്ല എന്നുമാത്രമല്ല ഫീസ് കൊടുത്തു പഠിക്കുകയും ചെയ്യേണ്ട സാഹചര്യം ആണ്. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണം ആണ് ദളിത് ക്രൈസ്തവർക്ക് ലഭിക്കുക. അതിൽ തന്നെ എസ്.ഐ.യു.സി (സൗത്ത് ഇന്ത്യൻ യുണൈറ്റഡ് ക്രിസ്ത്യൻ) വിഭാഗത്തെ കൂടെ ഉൾപ്പെട്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിനും ഇത് തന്നെയാണ് അവസ്ഥ.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ് I-ൽ ഒരു ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48) ക്ലാസ് IV-ൽ രണ്ട് ശതമാനവും (റൊട്ടേഷൻ ലിസ്റ്റിൽ 48ഉം 62ഉം) ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ് IV-ൽ 2290 ഒഴിവുകളും ക്ലാസ്സ് I-ൽ 872 ഒഴിവുകളുമാണ് നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്.

സഭാ നവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലവും കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും കൂട്ടുകുടുംബവുമായി താമസിക്കുന്ന ഭവനങ്ങളിലെ

അംഗങ്ങൾക്ക് ഭവനവും, തൊഴിൽ ഒഴിവുകളും വരുമ്പോൾ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉയർത്തിക്കൊണ്ടു വരുവാൻ കേരള കത്തോലിക്കാസഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതു മാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായ ത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹര മാണ് ഏൽക്കേണ്ടി വരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണ മില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർ ത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭിക്കുന്ന സഹായങ്ങൾപോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ പരിശ്രമം ആവശ്യവുമാണ്.

ദലിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസരസമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നമ്പർ 32) നിഷ്കർഷിക്കുന്നത് 'ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വ വൽക്കരിക്കപ്പെട്ടവരും ആയവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേ ഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം' എന്നാണ്. ഭാരതത്തിലെ സഭാ സംവിധാനങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദലിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായിക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

ദലിത് ക്രൈസ്ത വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതു വരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വോട്ടയിലും, മാനേജ്മെന്റ് ക്വോട്ടയിലും, അഡ്മിഷൻ കിട്ടി എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദലിത് ക്രൈസ്തവ വിദ്യാർ ത്ഥികൾക്ക് സ്റ്റൈപ്പന്റും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവ് 2023 മാർച്ച് 23ന് കേരള സർക്കാർ ഇറക്കിയിരുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർ ഷിപ്പുകൾ 2011 ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്ത വർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷമായി ഒഇസി വിഭാഗത്തിൽപ്പെട്ട ദലിത് ക്രൈസ്തവ കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂന പക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദലിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാ സമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസ ത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണ ഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതി നെതിരെ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസി ഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറ

ത്താക്കിയ 'ആഗസ്റ്റ് 10 വഞ്ചനാദിന'മായും CBCI-യുടെ ആഹ്വാന പ്രകാരം 'ആഗസ്റ്റ് 18 ജസ്റ്റീസ് സൺഡേ' (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാസഭയുടെ ദലിത് ശാക്തീകരണപ്രവർത്തന ങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണ ങ്ങൾ ആവശ്യമാണ്. കഴിഞ്ഞ അധ്യയനവർഷം (2022–2023) എസ്.എസ്.എൽ.സി., (80%), പ്ലസ് ടു (70%), ഡിഗ്രി/പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്ത വിജയം കൈവരിച്ചവർക്കുള്ള കാഷ് അവാർഡ് നൽകി. കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ദലിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടി യുള്ള ടാലന്റ് & സ്കിൽ ഡവലപ്മെന്റ് ട്രെയിനിംഗ് പ്രോഗ്രാം (TSDTP), SSLC കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആരം ഭിച്ചു കഴിഞ്ഞു. കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതി നുള്ള പരിശീലനം, (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി., പ്ലസ്ടു, ഡിഗ്രി ക്ലാസ് കഴിഞ്ഞവർക്കുള്ള പി.എസ്.സി. കോച്ചിംഗ് ക്ലാസുകൾ എന്നിവ ഉടനെ ആരംഭിക്കുന്നതാണ്. ദലിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവക ദിനത്തിൽ നടത്താറുള്ള സ്തോത്ര കാഴ്ച ഇടവകകളിൽ നിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി കെ.സി.ബി.സി, എസ്.സി./ എസ്.റ്റി./ബി.സി. കമ്മീഷന് അയച്ചു തരേണ്ടതാണ്. ജസ്റ്റിസ് സൺഡേ ദിനത്തിൽ ഇടവകതലത്തിൽ വിവിധ സംഘടനാംഗങ്ങളെ പങ്കെടു പ്പിച്ചുകൊണ്ട് ചർച്ചാക്ലാസുകളും സമ്മേളനവും നടത്തി ജസ്റ്റിസ് സൺഡേ ആചരണം അർത്ഥവത്താക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*

### യുവജനസൗഹൃദസഭ:
# യുവജനവർഷത്തിന്റെ സ്വപ്നം





**ഫാ. സ്റ്റീഫൻ തോമസ് ചാലക്കര**
(സെക്രട്ടറി, കെസിബിസി.
യൂത്ത് കമ്മീഷൻ)

ആഗോള കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പ സിനഡൽ സഭയെന്ന സ്വപ്നം മുന്നോട്ടു വച്ചു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതത്വം എന്നീ പദങ്ങൾ ലോകത്തിനു പരിചയപ്പെടുത്തിയ 'സിനഡാലിറ്റിയെ കുറിച്ചുള്ള സിനഡിനു'ശേഷം കേരളസഭ അതേറ്റെടുത്തത് സഭാനവീകരണ പദ്ധതിയുമായിട്ടായിരുന്നു. 2023 ദിവ്യകാരുണ്യ വർഷമായും 2024 യുവജനവർഷമായും 2025 മിഷൻ വർഷമായും പ്രഖ്യാപിച്ചുകൊണ്ട് കേരളസഭ ആഗോളസഭയുടെ സ്പന്ദനങ്ങൾ ഏറ്റുവാങ്ങി.

2024 ജനുവരി 7 നു യുവജനവർഷം ഉദ്ഘാടനം ചെയ്യപ്പെട്ടു. യുവാവായ ക്രിസ്തുവിന്റെ മുഖം സഭയ്ക്കുണ്ടാകാൻ സഭയിലെ യുവജനങ്ങളുടെ മുഖം പ്രശോഭിക്കേണ്ടതുണ്ട് എന്ന തിരിച്ചറിവാണ് യുവജനവർഷ പ്രഖ്യാപനത്തിന്റെ കാതൽ. യുവജനസൗഹൃദസഭ (വൈഎഫ്സി) എന്ന ലക്ഷ്യത്തിലേക്കുള്ള ചുവടുവയ്പായിരുന്നു ഈ യുവജനവർഷ പ്രഖ്യാപനം.

## ആപ്തവാക്യം

"കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം" എന്ന ആപ്തവാക്യം ഈ യുവജനവർഷത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കുന്നു.

പിതാവിന്റെ കരുണയും പുത്രന്റെ തീക്ഷ്ണ യൗവനവും പരിശുദ്ധാത്മാവിന്റെ വേഗതയും ത്രിത്വൈക ദൈവത്തിന്റെ ഐക്യവും പ്രകടമാകുന്ന ഇടമാണ് യുവജനസഭ. മൂന്നു വ്യത്യസ്ത റീത്തുകൾ ഒരേസ്ഥലത്ത് ആയിരിക്കുമ്പോൾ ഐക്യവും എന്നാൽ വ്യക്തിസഭകളുടെ തനിമയും ഒരുമിച്ച് ആഘോഷിക്കപ്പെടണമെന്ന് കേരള മെത്രാൻസമിതി ആഗ്രഹിക്കുന്നു.

കേരളത്തിൽ ഏറ്റവുമധികം കാരുണ്യപ്രവർത്തനങ്ങൾ നടത്തുന്നതു സഭയാണ്. അതിനായി കൈയും മെയ്യും മറന്ന് പോരാടുന്നത് യുവജനസഭയാണ്. അവരുടെ തീക്ഷ്ണമായ പ്രതികരണങ്ങളും പ്രതിഷേധങ്ങളും പ്രതിരോധങ്ങളും സമൂഹമനസ്സാക്ഷിയുടെ പ്രതിഫലനങ്ങളായിരിക്കും. കാലിൽ ചിറകുള്ള പക്ഷികളായി അവർ കാലത്തിനു മുമ്പേ പറക്കുന്നു, പ്രഭാതം കാക്കുന്ന കാവൽക്കാരെ പോലെ.

## യുവജനസൗഹൃദ സഭയുടെ ദർശനങ്ങൾ

- യുവാവായ ക്രിസ്തുവിന്റെ മുഖം പ്രകടമാക്കുന്ന സഭ.
- യുവജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്ന സഭ.

  യുവജനങ്ങളെ അനുധാവനം ചെയ്യുന്ന സഭയാകാൻ യുവജനശുശ്രൂഷയ്ക്കു പ്രാധാന്യം നൽകുന്ന പൗരോഹിത്യ രൂപീകരണവും പരിശീലനവും.
- യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളേറ്റെടുക്കാൻ അവരെ പ്രാപ്തരാക്കുന്ന സഭ.

  യുവജന ശുശ്രൂഷ ഐച്ഛികമല്ല, വിശ്വാസ പരിശീലനത്തിന്റെ അടുത്ത ഘട്ടമായ നിർബന്ധ ശുശ്രൂഷയായി കരുതുന്ന സഭ.

ഈ ദർശനങ്ങളെ അടിസ്ഥാനപ്പെടുത്തി ദേവാലയങ്ങളിൽ യുവജന ശുശ്രൂഷയ്ക്കു പ്രാധാന്യം ലഭിക്കാനായി ഒരു മാതൃകാപദ്ധതി വേണം. അതിലുൾപ്പെടേണ്ട പ്രധാന കാര്യങ്ങൾ:

- ഇടവകയിലെ യുവജനങ്ങളുടെ ഡേറ്റാ ബാങ്ക്.
- ഇടവകയിലെ യുവജനങ്ങളുടെ വിശ്വാസ പരിശീലനത്തിനുള്ള അവസരം.
- ഇടവകയുടെ അജപാലന ശുശ്രൂഷയിൽ യുവജനങ്ങ

ൾക്ക് അർഹമായ പങ്കാളിത്തം. (ബിസിസികളിൽ, ഇടവക സമിതികളിൽ, സാമ്പത്തിക സമിതികളിൽ, തിരുനാൾ കമ്മിറ്റികളിൽ, മതബോധനവിഭാഗത്തിൽ, ആസൂത്രണ-നിർമ്മാണ കമ്മിറ്റികളിലൊക്കെ ഇതു പാലിക്കപ്പെടുന്നു എന്നുള്ള ജാഗ്രത.)

- യുവജനങ്ങളുടെ ഏതെങ്കിലും ഒരു സംഘടനയെങ്കിലും ഇടവകയിൽ സജീവമായി പ്രവർത്തിക്കാനുള്ള സാഹചര്യം.
- യുവജനങ്ങൾക്കു കൂടിച്ചേരാനും സംവദിക്കാനും ഇടം. യൂത്ത് സെന്ററുകൾ, യുവജന സംഘടന ഓഫീസ്...
- പള്ളിപ്പരിസരങ്ങളും സ്ഥാപന പരിസരങ്ങളും കലാ-കായിക പരിശീലനത്തിനുള്ള ഇടങ്ങളാക്കി മാറ്റുക.
- പള്ളിയുടെ വരുമാനത്തിന്റെ നിശ്ചിത വിഹിതം യുവജന ശുശ്രൂഷയ്ക്കായി നൽകുക.
- ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന സിസ്റ്റേഴ്സിന്റെയും ഇടവക പരിധിയിലുള്ള സന്യാസ സമൂഹങ്ങളുടെയും സാന്നിധ്യം നല്ല യുവജന മെന്റേഴ്സ് ആക്കി മാറ്റാനായി ഉപയോഗപ്പെടുത്തുക.
- മുൻകാല യുവജന നേതാക്കളെ ഇടവക യുവജന ആനിമേറ്റർമാരായി നിയമിക്കുക.
- ഇടവകയിലെ യുവജന സൗഹൃദ പ്രോട്ടോക്കോൾ കാലികമായി പരിഷ്കരിക്കാനും നടപ്പിലാക്കാനുമായി അജപാലനസമിതിയുടെ നേതൃത്വത്തിൽ ഒരു അവലോകന സമിതി ഉണ്ടാക്കുക.

## സോഷ്യൽ മീഡിയാ പരിസരം

സഭയുടെ പഠനങ്ങളും നന്മകളും സോഷ്യൽ മീഡിയായിൽ പ്രചരിപ്പിക്കാൻ യുവജനങ്ങൾക്കാകും എന്നതുകൊണ്ടു തന്നെ അത്തരം സംരംഭങ്ങൾക്കു പ്രോത്സാഹനവും മൂല്യബോധമുള്ള സമൂഹമാധ്യമ ഇടപെടലുകൾക്കുള്ള പ്രചോദനവും നൽകേണ്ടതുണ്ട്.

മീഡിയ അസിസ്റ്റഡ് മിനിസ്ട്രി (എംഎഎം) പൂർണ്ണമനസ്സോടെ



സ്വീകരിക്കേണ്ടതുണ്ട്, ദേവാലയങ്ങളിലും വിശ്വാസ പരിശീലന രംഗങ്ങളിലും യുവജന ശുശ്രൂഷകളിലും. സഭ നമ്മുടെ അമ്മയാണെന്നു തോന്നുന്ന തരത്തിൽ സഭയുടെ അന്തരീക്ഷം മാറുമ്പോൾ 2024 കേരളസഭയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലാകും എന്നു നമുക്കു പ്രതീക്ഷിക്കാം.

സഭയിലെ യുവജനങ്ങൾ സഭയുടെ സ്വത്താണ്. അവരുടെ പ്രശ്നങ്ങൾ സഭയുടെ പ്രശ്നങ്ങളാണ്. പ്രവാസം, തൊഴിലിലെ അസ്ഥിരത, സാമ്പത്തിക പ്രശ്നങ്ങൾ, ജീവിതാന്തസ്സ് തിരഞ്ഞെടുക്കുന്നതിലെ സന്ദേഹങ്ങൾ, സാമൂഹിക -രാഷ്ട്രീയ മേഖലകളിലെ അശാന്തികൾ ഒക്കെ അവരെ അലട്ടുമ്പോൾ, ആഴിയിലേക്കാഴ്ന്നു പോയ പത്രോസിനു മുമ്പിൽ യേശു അവതരിക്കുന്നതുപോലെ സഭാസംവിധാനം മുഴുവൻ യുവജനങ്ങൾക്കായി കൈ നീട്ടേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ യുവജനസൗഹൃദസഭ എന്ന സ്വപ്നം പൂവണിയൂ.

യുവാവായ ക്രിസ്തുവെന്ന ദൈവം ജീവിക്കുന്നു, അവൻ നമ്മെ സ്നേഹിക്കുന്നു, രക്ഷിക്കുന്നു എന്ന 'ക്രിസ്തുസ് വിവിതി'ലെ വാക്യങ്ങൾ പോലെ, ക്രിസ്തു ജീവിക്കുന്ന സഭയായി കേരളസഭ മാറാൻ, സഭ യുവജന സൗഹൃദസഭയായി മാറാൻ ഈ യുവജനവർഷം ഉപകരിക്കട്ടെ.

*

# യേശുവിന്റെ പ്രാർഥനകൾ : 3
## ചില പ്രാരംഭചിന്തകൾ





ഫാ. ഡോ. ഫിലിപ്പ് ചെമ്പകശ്ശേരി

(കഴിഞ്ഞ ലക്കം തുടർച്ച)

### "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ"

യേശു നമ്മെ പഠിപ്പിച്ച പ്രാർത്ഥന കർത്തൃപ്രാർത്ഥന എന്നാണല്ലോ അറിയപ്പെടുന്നത്. "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ," എന്നത് മത്തായിയുടെ സുവിശേഷത്തിൽ നല്കിയിരിക്കുന്ന സംബോധനയാണ്. എന്നാൽ ലൂക്കാ സുവിശേഷത്തിൽ "പിതാവേ" എന്നു മാത്രമാണ് കാണുന്നത്.

മത്തായിയുടെ സുവിശേഷത്തിൽ ഗിരിപ്രഭാഷണത്തിന്റെ ഭാഗമായാണ് കർത്തൃപ്രാർത്ഥന കൊടുത്തിരിക്കുന്നത്. ഈ പ്രഭാഷണത്തിൽ ഉടനീളം ദൈവത്തെ പിതാവെന്നാണ് സംബോധന ചെയ്തിരിക്കുന്നത്.

### പിതാവിനെ വിശേഷിപ്പിച്ചുകൊണ്ട് നാലുവിധത്തിൽ സംബോധന ചെയ്തിരിക്കുന്നു:

"സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന് ഒൻപതു പ്രാവശ്യവും (5:16,45,48; 6:1,9,18,26,32;7:1)'' നിങ്ങളുടെ പിതാവ്'' എന്നു നാലുപ്രാവശ്യവും (6:4,6,8,15) ''സ്വർഗ്ഗീയ പിതാവ്" എന്ന് മൂന്നു പ്രാവശ്യവും (6:14,26,32) ഉപയോഗിച്ചിട്ടുണ്ട്. ഒരുപ്രാവശ്യം യേശു ദൈവത്തെ "എന്റെ പിതാവ്" എന്നും വിശേഷിപ്പിച്ചിരിക്കുന്നു (7:21).



ദൈവത്തെ 'ഞങ്ങളുടെ പിതാവേ' എന്ന് വിളിക്കാൻ യേശു പഠിപ്പിക്കുമ്പോൾ എന്താണ് ഉദ്ദേശിക്കുന്നത്. ദൈവം നമ്മുടെയും യേശുവിന്റെയും പൊതുവായ പിതാവാണെന്നല്ല അർത്ഥം. അത് 7:21-ൽ നിന്ന് വ്യക്തമാണ്. യേശു പറയുന്നു: 'കർത്താവേ, കർത്താവേ, എന്ന് എന്നെ വിളിച്ചപേക്ഷിക്കുന്നവനല്ല, എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ്, സ്വർഗ്ഗത്തിൽ പ്രവേശിക്കുക' (7:21). ഇവിടെ യേശു ദൈവത്തെ 'എന്റെ പിതാവ്' എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. - ഇതിൽനിന്ന് ഒന്നു മനസ്സിലാക്കാം. ദൈവം യേശുവിന്റെ പിതാവായിരിക്കുന്ന അതേ അർത്ഥത്തിലല്ല വിശ്വാസികളുടെ പിതാവ് ആയിരിക്കുന്നത്. യേശുവുമായുള്ള പിതൃത്വം സ്വാഭാവിക പിതൃത്വമാണ്. മനുഷ്യരുമായുള്ള പിതൃത്വം സ്വാഭാവിക പിതൃത്വമാണ്. മനുഷ്യരുമായുള്ള പിതൃത്വം നമ്മെ ദൈവം ദത്തെടുത്തതു വഴി സംലഭ്യമാക്കുന്ന പിതൃത്വമാണ്. ഇത് പൗലോസ് ശ്ലീഹാ റോമൻ 8:15-ൽ വ്യക്തമാക്കിയിട്ടുണ്ട്. 'നിങ്ങളെ വീണ്ടും ഭയത്തിലേക്ക് നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈക്കൊണ്ടിരിക്കുന്നത്. ഈ ആത്മാവു മൂലമാണ് നാം ആബാ - പിതാവേ - എന്ന് വിളിക്കുന്നത്.' അതായത്



യേശു നമുക്കു നല്കിയ പരിശുദ്ധാത്മാവു മുഖാന്തരം മക്കളല്ലാതിരുന്ന നാം ദൈവത്തിന്റെ മക്കളായി ദത്തെടുക്കപ്പെട്ടിരിക്കുന്നു. അതിനാൽ ദൈവത്തെ പിതാവേ എന്നു വിളിക്കാൻ നാം യോഗ്യരായിരിക്കുന്നു. നാം ദൈവത്തിന്റെ മക്കളാകയാൽ നാം തമ്മിൽ സഹോദരബന്ധത്തിൽ എത്തിച്ചേർന്നിരിക്കുന്നു. അതുപോലെ ദൈവത്തിന്റെ സ്വാഭാവിക പുത്രനായ യേശുവിന്റെ സഹോദരരായി നാം ഉയർത്തപ്പെട്ടിരിക്കുന്നു.

'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' അർത്ഥവത്തായി വിളിക്കണമെങ്കിൽ ഈ രണ്ടു തലത്തിലുള്ള ബന്ധം നാം അംഗീകരിക്കുകയും ജീവിക്കുകയും ദൈവത്തോടു പുത്രനിർവിശേഷമായ ബന്ധവും മറ്റു മനുഷ്യരോടു സഹോദരതുല്യമായ ബന്ധവും പുലർത്തുന്നവർക്ക് മാത്രമാണ് ദൈവത്തെ ഞങ്ങളുടെ പിതാവേ എന്നു വിളിക്കാൻ അർഹതയുള്ളൂ. അതിനാൽ ഈ സംബോധനയെ ആധ്യാത്മിക പൂർണ ശക്തിയോടും ദൈവത്തെയും നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുകയെന്നതാണല്ലോ ദൈവകല്പന. ഈ രണ്ടു മാനങ്ങളിലുമുള്ള ദൈവത്തോടും മനുഷ്യരോടുമുള്ള – ബന്ധം ശരിയായ വിധത്തിൽ പുലർത്തുന്നവരാണ് ആധ്യാത്മിക പൂർണത പ്രാപിച്ചവർ. അവർക്ക് അർഹമായ പ്രാർത്ഥനയാണ് 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ എന്ന പ്രാർത്ഥന.

(തുടരും...)

മതബോധന ചിന്ത

# കർത്താവേ, ഞങ്ങളെയും പ്രാർഥിക്കാൻ പഠിപ്പിക്കുക. (ലൂക്കാ 11 : 1)





**ബ്രദർ തോമസ് പോൾ കൊടിയൻ**

(കഴിഞ്ഞ ലക്കം തുടർച്ച)

ഭഗ്നാശരാകാതെ എപ്പോഴും പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ദിനരാത്രം പ്രാർത്ഥിക്കേണ്ട രീതിയെക്കുറിച്ചും കഴിഞ്ഞ ലക്കത്തിൽ നാം പഠിച്ചു. പ്രാർത്ഥന ദൈവത്തിന്റെ ദാനം എന്നതും പ്രാർത്ഥന എന്ന മഹാവിസ്മയം എന്നുമുള്ള പ്രബോധനത്തിന്റെ (CCC 2559, 2560) ആഴങ്ങളിലേക്ക് നാം മുന്നേറിക്കൊണ്ടിരിക്കുന്നു. ഇതിനകം നമ്മുടെ പ്രാർത്ഥനാജീവിതത്തിൽ തീർച്ചയായും സജീവമായ ഒരു ചൈതന്യം മുളപൊട്ടിത്തുടങ്ങിയിട്ടുണ്ട് എന്ന് വിശ്വസിക്കുന്നു. ഈ പഠനം ഫലപ്രദമാകുന്നത് ഇങ്ങനെ നാം പ്രാർത്ഥിക്കാൻ തുടങ്ങുകയും മുൻപത്തേക്കാൾ കൂടുതൽ പ്രാർത്ഥിക്കാൻ ആരംഭിക്കുകയും ചെയ്യുമ്പോഴാണ്. നമ്മുടെ പ്രിയങ്കരിയായ വിശുദ്ധ മദർ തെരേസ എപ്പോഴും പറയാറുള്ള ഒരു ചെറിയ കാര്യം ഓർമ്മിപ്പിക്കട്ടെ 'പ്രാർത്ഥിക്കാൻ പഠിക്കണമെങ്കിൽ പ്രാർത്ഥിക്കുക '. ഇത് വളരെ പ്രധാനപ്പെട്ട ഒരു സത്യമാണ്. നാം പരിശുദ്ധ കത്തോലിക്കാസഭയുടെ പ്രബോധനത്തിന്റെ അടിസ്ഥാനത്തിലും നിത്യ പുരോഹിതനായ ഈശോയുടെ തന്നെ പ്രാർത്ഥനയോടു ചേർന്നുമാണ് പ്രാർത്ഥിക്കുന്നത്. ഈ ബോധ്യം വ്യക്തിപരമായി എനിക്ക് ലഭിച്ചത് മതബോധനഗ്രന്ഥത്തിൽ നിന്നാണ്.

അതോടെ എന്റെ പ്രാർത്ഥന ഒരു കൊടുമുടിപോലെ ഉയർന്നു. എനിക്ക് വലിയ വിജയവും ആത്മ ധൈര്യവും വിശുദ്ധിയും അഭിഷേ കവും എല്ലാം ലഭിച്ചു. സഭയിൽ എല്ലാവർക്കും അത് ലഭിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നമുക്ക് മുന്നേറാം.

CCC 2559-ാം ഖണ്ഡികയും അതിന്റെ മാർജിനിൽ ബന്ധപ്പെടു ത്തിയിരിക്കുന്ന CCC 2613-ാം ഖണ്ഡികയിലും പഠിപ്പിക്കുന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷ ത്തിലെ ഈശോ അരുളിച്ചെയ്ത പ്രസിദ്ധമായ മൂന്ന് ഉപമകളിൽ മൂന്നാമത്തെ ഉപമയാണ് നമ്മുടെ ഇന്നത്തെ പഠന വിഷയം. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ 18-ാം അധ്യായത്തിൽ 9 മുതൽ 14 വരെയുള്ള വചനങ്ങളിൽ "ഫരിസേ യനും ചുങ്കക്കാരനും' എന്ന ഉപമ യാണ് CCC 2613-ൽ പ്രതിപാദി ക്കുന്നത്. പ്രാർത്ഥനയുടെ ആവശ്യ മായ മൂന്ന് പ്രധാന ഘടകങ്ങളാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. കഴിഞ്ഞ ക്ലാസ്സിൽ നാം പഠിച്ചത് എങ്ങനെ പ്രാർത്ഥിക്കണം, എത്ര ദൈർഘ്യത്തിൽ പ്രാർത്ഥിക്കണം എന്നാണെങ്കിൽ ഇവിടെ പഠിക്കു ന്നത് പ്രാർത്ഥനയ്ക്ക് ഉണ്ടായിരി ക്കേണ്ട മനോഭാവങ്ങളും ആരാധ നക്രമത്തിൽ അത് എങ്ങനെ അനു നയിപ്പിച്ചിരിക്കുന്നു എന്നതുമാണ്. പ്രധാനമായിട്ട് ഈ വചനഭാഗ ത്തിൽ മൂന്ന് കാര്യങ്ങളാണ് CCC 2613 ലെ മൂന്നാം ഉപമ എന്നതിൽ ലൂക്കായുടെ സുവിശേഷം 18 : 9-14 വാക്യങ്ങളിലൂടെ പ്രതിപാദിക്കു ന്നത്.

1. പ്രാർത്ഥിക്കുന്ന ഹൃദയത്തിന്റെ ഏറ്റവും ആവശ്യമായ വിനയം
2. പശ്ചാത്താപത്തോടെയുള്ള പാപിയുടെ പ്രാർത്ഥന ദൈവം കേൾക്കുന്നു
3. സഭ നിരന്തരം ഈ പ്രാർത്ഥന പ്രാർത്ഥിക്കുന്നു : കർത്താവേ, കനിയണമേ

## വിനയമാണ് പ്രാർത്ഥനയുടെ അടിത്തറ

CCC 2559-ൽ പ്രാർത്ഥന ദൈവ ത്തിന്റെ ദാനം എന്ന പ്രധാന ഖണ്ഡികയിലെ സുപ്രധാന പ്രബോ ധനം വിനയത്തെപ്പറ്റിയാണ്. തിരു സഭ ഇപ്രകാരം ഈ ഖണ്ഡികയി ലൂടെ പഠിപ്പിക്കുന്നു: 'നാം പ്രാർത്ഥി ക്കുമ്പോൾ, നാം സംസാരിക്കുന്നത്



നമ്മുടെ അഹന്തയുടെയും തന്നിഷ്ടത്തിന്റെയും ഔന്നത്യത്തിൽ നിന്നാണോ, അതോ വിനീതവും അനുതാപപൂർണവുമായ ഹൃദയത്തിന്റെ "അഗാധതലത്തിൽ' നിന്നാണോ ? (സങ്കീ 130:1). തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും (ലൂക്കാ 18: 9–14); വിനയമാണ് പ്രാർത്ഥനയുടെ അടിത്തറ. "വേണ്ടവിധം പ്രാർത്ഥിക്കുന്നത് എങ്ങനെ എന്ന് നമുക്കറിഞ്ഞുകൂടാ ' (റോമാ 8:26). എളിമയാണ് പ്രാർത്ഥനയാകുന്ന സൗജന്യ ദാനം സ്വീകരിക്കാൻ വേണ്ട മനോഭാവം. 'മനുഷ്യൻ ദൈവത്തിന്റെ മുമ്പിൽ ഭിക്ഷുവാണ്' (St. Augustine)



മതബോധന ഗ്രന്ഥത്തിന്റെ പ്രത്യേകത ഈ ഒരു പാരഗ്രാഫിനെ അപഗ്രഥിച്ചാൽ മനസ്സിലാക്കാം. എന്തെല്ലാം ഉറവിടങ്ങളിൽ നിന്നാണ് ഈ പ്രബോധനം സമന്വയിച്ചിരിക്കുന്നത്.

1. വേദപാരംഗതയായ വിശുദ്ധ കൊച്ചുത്രേസ്യയുടെ ജ്ഞാന വചസ്സുകൾ
2. സഭാ പിതാവായ വിശുദ്ധ ജോൺ ദമാസീന്റെ പ്രബോധനങ്ങൾ.
3. എല്ലാ പ്രാർത്ഥനയുടെയും ഉറവിടമായ സങ്കീർത്തനങ്ങളിൽ നിന്നും (സങ്കീ 130:1)
4. ഈശോ നാഥന്റെ സുപ്രധാന പ്രബോധനമായ സുവിശേഷത്തിൽ നിന്ന് (ലൂക്കാ 18: 9–14)
5. വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ പ്രബോധനത്തിൽ നിന്ന് (റോമ 8:26)
6. സഭാ പിതാവായ വിശുദ്ധ അഗസ്തീനോസിന്റെ അനുഭവ സാക്ഷ്യം


സഭാപ്രബോധനത്തിന്റെ വീര്യവും ആധികാരികതയും ഇതിൽനിന്ന് നാം ഉൾക്കൊള്ളുന്നു.

ഒരു വിശുദ്ധന്റേയോ വിശുദ്ധയുടെയോ മാത്രം പ്രബോധനമോ ഡയറിയോ മാത്രം നോക്കി നാം പഠിച്ചാൽ പോരാ. ഓരോ വിശുദ്ധരിലും കർത്താവ് നൽകിയിരിക്കുന്ന പ്രബോധനങ്ങളിൽ നിന്നും സഭ പ്രത്യേകം വിവേചിച്ചെടുത്തിരിക്കുന്നത് സഭാ പ്രബോധനത്തിൽ ഈശോയുടെ പ്രബോധനത്തോടും സഭാ പിതാക്കന്മാരുടെ വ്യാഖ്യാനങ്ങളോടും കൂടി അനുനയിപ്പിച്ച് പഠിക്കണം. അപ്പോഴാണ് നമ്മളിൽ വിശ്വാസത്തിന്റെ വീര്യം ജ്വലിക്കുന്നത്. അങ്ങനെയുള്ള സഭാ പ്രബോധനമാകുന്നു കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം.

നമുക്ക് വീണ്ടും പ്രാർത്ഥനയുടെ അടിത്തറയിലേക്ക് തിരിച്ചുവരാം. അടിത്തറ എന്ന വാക്കിൽ നിന്ന് തന്നെ നാം മനസ്സിലാക്കുന്നു പ്രാർത്ഥനയ്ക്ക് ഒരു ദൈവനിവേശിതമായ മൂലക്കല്ല് (foundation) ഉണ്ട്. അത് വിനയമാണ്. ഈശോ തന്നെയാണ് വിനയത്തിന്റെ ഏറ്റവും വലിയ മാതൃക. 'ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല; തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു; മരണം വരെ അതേ കുരിശുമരണം വരെ അനുസരണമുള്ളവനായിതന്നെത്തന്നെതാഴ്ത്തി '(ഫിലിപ്പി 2 : 6–8). 'തന്നെത്തന്നെ താഴ്ത്തി' എന്ന പദപ്രയോഗം പ്രത്യേകം ശ്രദ്ധിക്കണം. ഈ വാക്ക് തന്നെയാണ് CCC 2559–ൽ ഉപയോഗിച്ചിരിക്കുന്നത്. അതും ഈശോ തന്നെ ലൂക്കാ 18–ാം അദ്ധ്യായം 14–ാം വാക്യത്തിൽ പഠിപ്പിക്കുന്നതുമാണ്. ഈശോ പറയുന്നു : 'എന്തെന്നാൽ,



തന്നെത്തന്നെ ഉയർത്തുന്നവൻ താഴ്ത്തപ്പെടും; തന്നെത്തന്നെ താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും" (ലൂക്കാ 18:14). പ്രാർത്ഥനയെ സംബന്ധിച്ചും നമ്മുടെ ജീവിതത്തിലെ യാഥാർത്ഥ്യങ്ങളിലും പ്രായോഗികമാക്കാവുന്ന ഒരു കാര്യമിതാണ്. തന്നെത്തന്നെ താഴ്ത്തുക. നമുക്ക് ഓരോരുത്തർക്കും ചെയ്യാൻ കഴിയുന്ന ഒന്നാണിത്. ഏത് മനുഷ്യനും വ്യക്തിപരമായി കഴിയുന്ന ഒരു കാര്യമാണ് തന്നെത്തന്നെ താഴ്ത്തുക എന്നത്. എന്നാൽ നമുക്ക് തന്നെത്തന്നെ ഉയർത്താൻ സാധിക്കുകയില്ല. അതുകൊണ്ട് നാം പ്രാർത്ഥിക്കുമ്പോൾ മുട്ടുകുത്തുന്നതും സാഷ്ടാംഗം പ്രണമിക്കുന്നതും എല്ലാം തന്നെത്തന്നെ താഴ്ത്തുന്നതിന്റെ ബാഹ്യഅടയാളമാണ്. ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമയിലെ പ്രധാന വിഷയം ഇതാണ്. ഫരിസേയന്റെ പ്രാർത്ഥന തന്റെ അഹങ്കാരത്തിന്റെ നിറവിൽ നിന്നായിരുന്നു. എന്നാൽ ചുങ്കക്കാരന്റെ പ്രാർത്ഥന തന്നെത്തന്നെ താഴ്ത്തിയുള്ളതായിരുന്നു. അതിനാൽ ചുങ്കക്കാരന്റെ പ്രാർത്ഥന ദൈവസന്നിധിയിൽ സ്വീകരിക്കപ്പെട്ടു. "അവൻ നീതീകരിക്കപ്പെട്ടവനായി വീട്ടിലേക്ക് മടങ്ങി ' ( ലൂക്കാ 18:14).



സഭാ പിതാവായ വിശുദ്ധ ക്രിസോസ്തം പിതാവ് പഠിപ്പിക്കുന്നു: 'ഈ അഹങ്കാരത്തിന്റെ വിലക്കയറ്റത്തിന് (inflation) മുന്നറിയിപ്പ് നൽകാത്ത മനുഷ്യനെ സ്വർഗത്തിൽനിന്ന് പോലും താഴെയിറക്കാൻ കഴിയും, എന്നാൽ വിനയത്തിന് ഒരു മനുഷ്യനെ കുറ്റബോധത്തിന്റെ ഏറ്റവും താഴ്ന്ന ആഴത്തിൽ നിന്ന് ഉയർത്താൻ കഴിയും. ഒരുവൻ ചുങ്കക്കാരനെ പരീശന്റെ മുമ്പിൽ രക്ഷിച്ചു, കള്ളനെ അപ്പസ്തോലന്മാരുടെ




മുമ്പിൽ പറുദീസയിൽ കൊണ്ടു വന്നു; മറ്റൊന്ന് ആത്മീയ ശക്തികളിൽപോലും പ്രവേശിച്ചു. എന്നാൽ എളിമ പാപത്തോട് ചേർത്തിട്ടുണ്ടെങ്കിലും, അഹങ്കാരത്തിലൂടെ നീതിയിലേക്ക് ഐക്യപ്പെടുന്ന വിധം വേഗത്തിൽ മുന്നേറിയിട്ടുണ്ടെങ്കിൽ, നിങ്ങൾ അതിനോട് നീതി ചേർക്കുമ്പോൾ അതിന്റെ ഗതി എത്ര വേഗത്തിലായിരിക്കും? അത് ദൂതന്മാരുടെ നടുവിൽ ദൈവത്തിന്റെ ന്യായാസനത്തിങ്കൽ വളരെ ധൈര്യത്തോടെ നിൽക്കും. മാത്രമല്ല, അഹങ്കാരത്തിന് നീതിയോട് ചേർന്നുനിൽക്കാൻ ശക്തിയുണ്ടെങ്കിൽ, പാപത്തോട് ചേർത്താൽ അത് മനുഷ്യരെ ഏത് നരകത്തിലേക്ക് തള്ളിവിടും? ഞാൻ ഇത് പറയുന്നത് നാം നീതിയെ അവഗണിക്കണമെന്നല്ല, അഹങ്കാരം ഒഴിവാക്കണമെന്നാണ് '(Catena Aurea by St.Thomas Aquinas/ explanation of Luke 18:9-14)

ചുങ്കക്കാരന്റെ പ്രാർത്ഥന പശ്ചാത്താപത്തോടെയുള്ള ഹൃദയത്തിന്റെ അഗാധതയിൽനിന്നുള്ള ഒരു രോദനം ആയിരുന്നു 'ദൈവമേ, പാപിയായ എന്നിൽ കനിയണമേ'. ഈ ചുങ്കക്കാരന്റെ പ്രാർത്ഥന ആരാധനക്രമത്തിൽ ഓരോ ദിവ്യബലിക്കും മുമ്പ് സഭയുടെ പ്രാർത്ഥനയായി മാറി. കർത്താവേ, കനിയണമേ. സ്നേഹമുള്ളവരേ, ഇന്നുതന്നെ നമുക്ക് തന്നെത്തന്നെ താഴ്ത്തുന്ന എന്തെങ്കിലും ഒരു അവസരമുണ്ടാക്കി അങ്ങനെ ആ അടിത്തറ പണിയാം. അപ്പോൾ നമ്മുടെ പ്രാർത്ഥന വളരെ സ്വീകാര്യമാകും.

(തുടരും....)

# പാപസർപ്പപിശാചിന്റെ തല
## തകർക്കുവാൻ വരുന്ന സ്ത്രീയുടെ സന്തതിയെ കാത്തു കഴിയുന്ന മനുഷ്യൻ





എം. കോഴിമണ്ണിൽ

(കഴിഞ്ഞ ലക്കം തുടർച്ച)

പകൽ മുഴുവൻ പണിക്കായി പുറത്തു പോകുന്ന ആദാം ചില പകലുകളിൽ വീട്ടിൽ തങ്ങും. അന്നൊക്കെ കുഞ്ഞുങ്ങളടുത്തു കൂടും. പഴയ കാര്യങ്ങൾ കേൾക്കാൻ. അത്തരമൊരു ദിവസം ഇരുവരും ആദത്തിനോടു പറഞ്ഞു.

'അപ്പാ പണ്ടത്തെ കാര്യങ്ങൾ പറയപ്പാ'

'കുഞ്ഞുങ്ങളേ, നിങ്ങളുടെ അമ്മയെ എനിക്കു കൂട്ടിനു കിട്ടുന്നതിനു മുമ്പ് ഞാൻ തനിച്ചായിരുന്നെന്നു പറഞ്ഞല്ലോ. സായാഹ്നങ്ങളിലൊക്കെ കർത്താവ് എന്റെ കൂടെ നടക്കാൻ വരുമായിരുന്നു. കർത്താവു കൂടെ നടക്കാൻ വരാത്ത മറ്റുനേരങ്ങളിലും വാക്കുകളിൽ വർണ്ണിക്കാനാവാത്ത കർത്താവിന്റെയൊരു മഹിമപ്രഭാവം എനിക്കു ചുറ്റിലും എന്റെയുള്ളിലും എപ്പോഴും ഞാനനുഭവിച്ചിരുന്നു.

കൂടെ നടക്കുമ്പോഴാണ് സ്വർഗ്ഗത്തെപ്പറ്റിയും സിംഹാസനത്തെ

പ്പറ്റിയും സ്വർഗ്ഗീയദൂതവൃന്ദങ്ങളെപ്പറ്റിയുമൊക്കെ വിവരിച്ചു തന്നിരുന്നത്.

പലതരം ദൂതവൃന്ദങ്ങളുണ്ടെന്നും ദൂതന്മാരുടെ തലവന്മാരായി മുഖ്യ ദൂതന്മാരുണ്ടെന്നും കർത്താവു പറഞ്ഞു.

ഞാനും നിങ്ങളുടെ അമ്മയും കർത്താവിനാൽ മെനയപ്പെട്ടവരാണന്നു പറഞ്ഞില്ലേ. അതായത് കർത്താവു ഞങ്ങളെ മെനയുന്നതിനു മുമ്പ് ഞങ്ങളെന്നൊരു വസ്തുക്കളേ ഇല്ലായിരുന്നു. നിങ്ങളുണ്ടായിട്ടു പത്തുവർഷം കഴിഞ്ഞിട്ടില്ലല്ലോ. അതിനു മുമ്പു നിങ്ങളില്ലായിരുന്നല്ലോ.

കർത്താവു പറഞ്ഞതു കേട്ടോളൂ.

കർത്താവിനെ ആരും സൃഷ്ടിച്ചതല്ല.

കർത്താവു തന്നത്താൻ ഉണ്ടായതാണ്, അല്ല ഉണ്ടായിരുന്നതാണ്.

എന്നാണുണ്ടായതെന്നു പറയാൻ ഉണ്ടായ ഒരു സമയമില്ല. ആദിയെന്നൊന്ന് കർത്താവിനില്ല. നമ്മൾ നാലുപേരും ഇല്ലാതിരുന്ന ഒരവസ്ഥയിൽ നിന്ന് ഉണ്ടായ ഒരു തുടക്കം – ഒരു ആദി – ഉണ്ടല്ലോ. കർത്താവിനതില്ല.'

'അതെന്താണപ്പാ, എനിക്കതു മനസ്സിലാകുന്നില്ലല്ലോ. ആദിയില്ലെന്നും തന്നത്താനുണ്ടായെന്നും ഉണ്ടായ ഒരു സമയമില്ലെന്നും' കായേൻ പറഞ്ഞു.

'മോനേ, എനിക്കുമതു മനസ്സിലായിട്ടില്ല. കർത്താവിന്റെ രഹസ്യങ്ങളൊക്കെയറിയാൻ ഈ നമ്മളൊന്നുമല്ല. ഈ കാണുന്ന പ്രപഞ്ചമൊക്കെ ഉണ്ടാക്കിയ കർത്താവിന്റെ കഴിവറിയാൻ നമ്മളാരാ ? കർത്താവു പറഞ്ഞതെല്ലാം ശരിയാണെന്നു ഞാനങ്ങു വിശ്വസിക്കുകയാണ്.' ആദാം പറഞ്ഞു.

'സ്വർഗ്ഗത്തിൽ ഒത്തിരി ദൂതന്മാരുടെ കൂട്ടമുണ്ടെന്നു പറഞ്ഞല്ലോ. അതിലൊരു കൂട്ടം ഇപ്പോൾ സ്വർഗ്ഗത്തിലില്ല.' ആദാം പറഞ്ഞു.

'അവരെവിടെയാണിപ്പോൾ ? മക്കൾ ചോദിച്ചു.

(തുടരും ....)

അനുഭവക്കുറിപ്പ്

# മിഷൻ – ആദിലാബാദ്

വിറ്റ്നസസ്സ് ഓഫ് മേഴ്സി, പി.ഒ.സി, പാലാരിവട്ടം





റെനി മാർട്ടിൻ

“നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ, ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്ക് സാക്ഷികളായിരിക്കുകയും ചെയ്യുക’’ എന്ന യേശുവിന്റെ ആഹ്വാനത്തെ, തങ്ങളുടെ വിളിയും ദൗത്യവുമായി കരുതി, വിറ്റ്നസസ്സ് ഓഫ് മേഴ്സി പാലാരിവട്ടം പി.ഒ.സിയിലെ വച്ച് നടത്തിയ 9-ാമത്തെ ഗ്രൂപ്പിലെ അംഗങ്ങളുടെ മിഷൻ അനുഭവങ്ങൾ ഇവിടെ പങ്കുവയ്ക്കുന്നു.

ഞങ്ങളുടെ കേരളത്തിനു പുറത്തുള്ള മിഷൻ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തത് തെലങ്കാന സംസ്ഥാനത്തിലെ ആദിലബാദ് എന്ന ജില്ലയെയും, രൂപതയുമായിരുന്നു. 2024 മാർച്ച് 7 മുതൽ 15 വരെയായിരുന്നു ആ ദിവസങ്ങൾ. അനുഗ്രഹപ്രദമായ ആ ദിവസങ്ങൾ.

ആദ്യകാലങ്ങളിൽ ഛാന്ദാ രൂപതയുടെ കീഴിലായിരുന്ന ആദിലാബാദിനെ 1999 ജൂലൈ മാസം 23 നു ഭാഗ്യസ്മരണാർഹനായ വി. ജോൺപോൾ മാർപാപ്പ സ്വതന്ത്ര രൂപതയായി പ്രഖ്യാപിച്ചു. ആദിലാബാദ് രൂപതയുടെ പ്രഥമ മെത്രാനായി ഫാ. ജോസഫ് കുന്നത്ത് സിഎംഐ സ്ഥാനാരോഹണം ചെയ്തു. അതിനുശേഷം 06-08-2015 ൽ ആദിലാബാദ് രൂപതയുടെ മെത്രാനായി ഫാ. പ്രിൻസ് ആന്റണി പാണേങ്ങാടൻ സ്ഥാനമേറ്റു. ഇപ്പോഴും പ്രിൻസ് പിതാവാണ് ആദിലാബാദ് രൂപതയുടെ അമരക്കാരൻ.

ആദ്യകാല ഛാന്ദാ ബിഷപ്പായിരുന്ന ജാനുവരിയൂസ് പാലത്തുരുത്തി പിതാവിന്റെയും, പിൻഗാമിയായിരുന്ന വിജയ് ആനന്ദ് പിതാവിന്റെയും ശ്രമഫലമായി. ധാരാളം പുതിയ കമ്മ്യൂണിറ്റികൾ പ്രത്യേകിച്ച് ഇന്റീരിയർ വില്ലേജുകൾ കേന്ദ്രീകരിച്ച് മിഷൻ സ്റ്റേഷനുകളായി പ്രവർത്തനം നടത്തിയിരുന്നു. ആദിലാബാദിൽ ഛാന്ദാ മിഷന്റെ പ്രത്യേകതയായിരുന്നു ഒരു കോമൺ ലെഗസിയും, മിഷൻ ട്രസ്റ്റും. ആദിലാബാദ് രൂപതയെ ഇന്നത്തെ ഈ രൂപത്തിൽ എത്തിക്കുന്നതിന് ഒരു പ്രത്യേക ഊർജ്ജം പകർന്നിരുന്നു. 1962 മുതലുള്ള സി.എം.ഐ മിഷനറിമാരുടെ കഠിനാദ്ധ്വാന മിഷൻ പ്രവർത്തനങ്ങൾ, ആദിലാബാദ് മിഷന്റെ ഇന്നുവരെയുള്ള സുവിശേഷവത്ക്കരണ പ്രവർത്തനങ്ങളുടെ ചരിത്രവഴിയിൽ മിഴിവേകി നിൽക്കുന്നു.

ഇന്ന് ആദിലാബാദ് മിഷൻ 4 സിവിൽ സ്റ്റേഷനായി തരം തിരിച്ചിരിക്കുന്നു

1. ആദിലാബാദ്
2. മഞ്ചേരിയൽ
3. കൊമരമം ഭീം
4. നിർമ്മൽ എന്നിവയാണ് അവ.

ഏകദേശം 75 പുരോഹിതന്മാരും ഒപ്പം സിസ്റ്റേഴ്സും ആദിലാബാദിന്റെ മിഷൻ പ്രവർത്തനങ്ങൾക്ക് വിവിധ രീതിയിൽ ചുക്കാൻ പിടിക്കുന്നു. ഏകദേശം 35 പേരോളം (2 പുരോഹിതന്മാരും 2 സിസ്റ്റേഴ്സും) ഉള്ള ഞങ്ങൾ മഞ്ചേരിയിൽ ചാവറ പാസ്റ്ററൽ സെന്ററിലാണ് താമസിച്ചത്. ഫാ. പ്രസാദ് ചോളക്കടവിൽ ആയിരുന്നു ഡയറക്ടർ. ആദ്യത്തെ

ആദിലാബാദ് ബിഷപ്പ് ആയിരുന്ന ഫാ. ജോസഫ് കുന്നത്ത് വിശ്രമ ജീവിതം നയിക്കുന്നതും ഈ പാസ്റ്ററൽ സെന്ററിൽ ആണ്.

വാക്കിലും പ്രവൃത്തിയിലും പുണ്യവരേണ്യനായ പിതാവ് - ആ പിതാവിന്റെ സ്നേഹസാമീപ്യം അവിടെ താമസിച്ച ദിവസങ്ങളെ, ഒരിക്കലും ഓർമ്മയിൽ നിന്നും മായ്ക്കാതെ എന്നും അനുഗ്രഹപ്രദമാക്കി നെഞ്ചിൽ സൂക്ഷിക്കാൻ ഞങ്ങളെ പ്രാപ്തരാക്കുന്നു. അവിടെയുണ്ടായിരുന്ന ആദ്യകാല പുരോഹിതർ അവരുടെ മിഷൻ പ്രവർത്തനങ്ങൾ ഞങ്ങൾക്ക് വിവരിച്ചു തന്നപ്പോൾ അനുഭവങ്ങളുടെ മറ്റൊരു തലത്തിലൂടെ ഞങ്ങൾ കടന്നുപോവുകയായിരുന്നു. അവരുടെ നിസ്വാർത്ഥമായ കത്തിജ്വലിക്കുന്ന ദൈവസ്നേഹവും, ദൈവാനുഭവവുമാണ് ഇന്നത്തെ ഛാന്ദാ. ആദിലാബാദ് മിഷന്റെ കാതലും കരുത്തും. 'ഭാഷാ' പ്രത്യേകിച്ച് ഉൾപ്രദേശങ്ങളിലെ വളരെ ലോക്കലായ ജനവിഭാഗങ്ങളുടെ 'ഭാഷാ' ഹൃദ്യമാക്കി. സാധാരണക്കാരിൽ സാധാരണക്കാരനായ അവരോടൊപ്പം ജീവിച്ച് നടത്തിയ ആ മിഷൻ പ്രവർത്തനങ്ങൾ തന്നെയാണ് ഇപ്പോഴും പിൻതുടരുന്നത്. ഒരു ചെറിയ പള്ളിയും അതിനോട് ചേർന്നുള്ള 10, 20 വീടുകളും അതാണ് 'സഭ'. ആ ഗ്രൂപ്പിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ സകല കാര്യങ്ങളിലും ആ പുരോഹിതന് വലിയ പങ്ക് ഉണ്ട്.

'വിദ്യാഭ്യാസത്തിനു അന്നും ഇന്നും പ്രാധാന്യം കൊടുക്കുന്നു.











സാധാരണക്കാരായ സാധുക്കളുടെ ഉന്നമനത്തിനു വിദ്യാഭ്യാസം അവശ്യഘടകമാണന്നു മനസ്സിലാക്കിയ വിവിധ ക്രിസ്ത്യൻ മത വിഭാഗങ്ങൾ നടത്തുന്ന വിദ്യാലയങ്ങൾ താഴേത്തട്ടിലുള്ള, വിദ്യാസമ്പന്നരായ ഒരു തലമുറയെ വാർത്തെടുക്കാനും സഹായിക്കുന്നു.

ദൈവകാരുണ്യത്തിന്റെ കൈയൊപ്പുകളായി ആ പട്ടിണിപ്പാവങ്ങളുടെ ഇടയിൽ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ആ പുരോഹിതന്മാരും സിസ്റ്റേഴ്സും അവരുടെ ഇല്ലായ്മകളെയും വല്ലായ്മകളെയും കാൽവരിയിൽ കത്തിജ്വലിച്ച സ്നേഹത്തിന്റെ ജീവിക്കുന്ന പ്രതീകങ്ങളായി, ഞങ്ങളുടെ മുന്നിലും, ആഗോള സഭയുടെ വീരമക്കളായി സാക്ഷ്യം നിറഞ്ഞ ജീവിതത്തിലൂടെ - "ആര് എനിക്ക് വേണ്ടി പോകും" എന്ന നാഥന്റെ ചോദ്യത്തിന് ഉത്തരങ്ങളായി ജീവിക്കാനുള്ള സഭയുടെ മൗലിയിൽ ശോഭിക്കട്ടെ എന്ന പ്രാർത്ഥനയോടെ......

*



ഷെവ. ഡോ. പ്രീമൂസ്
പെരിഞ്ചേരി

# പശ്ചാത്താപമേ പ്രായശ്ചിത്തം

തടവറ മക്കളായി കഴിയുന്ന ഞങ്ങളെ
തഴുകുവാൻ സാന്ത്വനക്കാറ്റായ് വരില്ലേ
തെറ്റുകൾ ചെയ്തവരെങ്കിലും ഞങ്ങളെ
ഒറ്റപ്പെടുത്താതെ കൈക്കൊള്ളില്ലേ?

സാഹചര്യത്തിന്റെ സമ്മർദതന്ത്രത്തിൽ
സഹജരാമിവർ വീണുപോയതല്ലേ
സഹിഷ്ണുതയില്ലാതെ, സ്നേഹമില്ലാതെയും
സന്താപം നിങ്ങൾക്കു നല്കി ഞങ്ങൾ!

പശ്ചാത്തപിക്കുന്നു, മാപ്പുചോദിക്കുന്നു
പാതകമെല്ലാം പൊറുക്കുകില്ലേ
ധൂർത്തരായ് തെറ്റുകൾ ചെയ്തവർ ഞങ്ങളെ
തീർത്തും നിരാശരായ് തീർത്തിടല്ലേ!

ഇനിയൊരു ജീവിതം ഞങ്ങൾക്കു കിട്ടുകിൽ
നന്മകൾ ചെയ്തു പുലർന്നുകൊള്ളാം
സമൂഹത്തിനാകവേ, മാതൃകയാകുന്ന
സന്മതീശായികളായി മാറാം!

പ്രിയരേ,


കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) യുടെ ഔദ്യോഗിക മുഖപത്രമായ താലന്ത് 1978 മുതൽ പാലാരിവട്ടം പി.ഒ.സി.യിൽനിന്നു പ്രസിദ്ധീകരിച്ചുവരികയാണല്ലോ. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ മനസിലാക്കിക്കൊണ്ട് അനിവാര്യമായ മാറ്റങ്ങളോടെ ഈ മുഖപത്രം കേരളസഭയിലെ എല്ലാ വിശ്വാസിസമൂഹത്തിനും ലഭ്യമാക്കത്തക്കവിധം പുതുമകളോടെ പ്രസിദ്ധീകരിക്കുകയാണ്. കേരളസഭയെ സംബന്ധിക്കുന്ന ഔദ്യോഗിക വിഷയങ്ങൾ, മതബോധനം എന്നിവ കൃത്യമായും നേരിട്ടും പഠിക്കുവാൻ ഈ സംരംഭത്തോട് സ്നേഹപൂർവം സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാർഷിക വരിസംഖ്യ - Rs. 180**

**മൂന്ന് വർഷത്തേക്ക് - Rs. 500**

ഈ തുക മണിഓർഡർ വഴിയോ താഴെ കാണുന്ന മൊബൈൽ നമ്പറിൽ ഗൂഗിൾ പേ വഴിയോ അയ്ക്കാവുന്നതാണ്

Contact Number : 94474 41109




സ്നേഹപൂർവം,

**ഫാ. ടോണി കോഴിമണ്ണിൽ**

**ചീഫ് എഡിറ്റർ**

# ദൈവത്തിനു
## സ്തുതിപാടാം





**സി. ശോബിത
എം.എസ്.ജെ**

പ്രഭാതത്തിൽ ഉണർന്ന് പാട്ടു പാടുന്ന കുരുവിയോട്
ഒരാൾ ചോദിച്ചു :
ഇന്നലെയല്ലേ നിന്റെ കൂടു കത്തിപ്പോയത്?
പിന്നെ ഇന്നെങ്ങനെ നിനക്കു പാടാൻ കഴിഞ്ഞു?
അപ്പോൾ ആ കുരുവി പറഞ്ഞു:

പ്രഭാതത്തിൽ പാടുകയെന്നത് എന്റെ കടമയാണ്. ഇന്നലത്തെ നഷ്ടത്തെ ഓർത്തല്ല ഇന്നിന്റെ നന്മകളോർത്താണ് ഞാൻ ദൈവത്തെ സ്തുതിക്കുന്നത്. അതെ നമ്മൾ പലപ്പോഴും ഇന്നലെകളുടെ ദുഃഖങ്ങളുടെ കണക്കുകൾ ഓരോന്നു ഓർത്തു വിലപിച്ചു കൊണ്ടിരിക്കും. ഓരോ ദിവസവും നമ്മുടെ ജീവിതത്തിൽ അനുഭവിക്കേണ്ടി വരുന്ന സുഖ ദുഃഖസന്തോഷങ്ങൾ നന്ദിയോടെ സ്വീകരിക്കാൻ സാധിക്കണമെങ്കിൽ എന്നെ സ്നേഹിക്കുന്ന, എന്നെ അറിയുന്ന ഒരു ദൈവം എനിക്കുണ്ട് എന്ന ആഴമായ വിശ്വാസം എന്നിലുണ്ടെങ്കിൽ മാത്രമെ എല്ലാം പുഞ്ചിരിയോടെ സ്വീകരിക്കാൻ സാധിക്കുകയുള്ളു.

ഈ കുരുവിയെപ്പോലെ ഇന്നത്തെ നേട്ടങ്ങളെ ഓർത്തു ദൈവത്തിനു സ്തുതിപാടാൻ കഴിയണം. ആരേയും പഴിക്കാതെ എല്ലാത്തിന്റെയും പിന്നിൽ ദൈവത്തിന്റെ കരങ്ങൾ നന്ദിയോടെ കാണാൻ കഴിഞ്ഞാൽ ദൈവസ്നേഹം നമ്മിൽ നിറയുന്ന അനുഭവം ഉണ്ടാകും. കയ്പ്പു നീരിന്റെ അടിയിൽ മധുരമുണ്ടെന്നും പ്രഹരിക്കുന്ന വടിയിൽ സൗഖ്യപ്പെടുത്തുന്ന തൈലം പുരട്ടിട്ടുണ്ടെന്നും വിശ്വസിക്കുവാൻ നമുക്കു സാധിക്കട്ടെ. അനുഗ്രഹങ്ങളുടെ സുര്യപ്രഭയിൽ സന്തോഷിക്കുന്നതുപോലെ തന്നെ ദുഃഖങ്ങളുടെ പെരുമഴയിൽ നമുക്കു ആവലാതിപ്പെടാതിരിക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. ദൈവമെ എന്നെ നിന്റെ സാന്നിധ്യം പേറുന്ന ഭൂമിയിലെ സക്രാരിയും സ്വർഗ്ഗീയ നിധികളും നിക്ഷേപങ്ങളും അടങ്ങിയ ഭണ്ഡാരവുമാക്കണമെ.

ഞാൻ മൗനം പാലിക്കാതെ അങ്ങയെ പാടിപുകഴ്ത്തും. ദൈവമായ കർത്താവെ ഞാനങ്ങേയ്ക്കു എന്നും നന്ദിപറയും. (സങ്കീ 30:12)

*



# മാതാപിതാക്കൾ
## ഭൂമിയിലെ കാണപ്പെട്ട ദൈവങ്ങൾ





**സി. സോളി ചാക്കോ**
ഡിസിപിബി

കുട്ടികളേ, കർത്താവിൽ നിങ്ങൾ മാതാപിതാക്കന്മാരെ അനുസരിക്കുവിൻ. അതുന്യായയുക്തമാണ്. (എഫേസോസ് 6:1)

ചെറുപ്രായത്തിൽ നാം വേദ പാഠ ക്ലാസ്സുകളിൽ പഠിക്കുന്ന കാലം മുതൽ കേൾക്കുന്നതാണ് 'മാതാപിതാക്കളെ ബഹുമാനിക്കുക' മറ്റെല്ലാവരെയുംക്കാൾ കൂടുതൽ നമ്മെ സ്നേഹിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഈശോയുടെ നമ്മോടുള്ള അനന്തസ്നേഹത്തിന്റെ അടയാളമായാണ് മോശ വഴി പത്ത് കൽപനകൾ അവിടുന്ന് നമുക്ക് നൽകിയത്. ഇതിൽ നാലമത്തെ കൽപനയാണ് 'മാതാപിതാക്കളെ ബഹുമാനിക്കുക.' എന്റെ സ്വാർത്ഥ താത്പര്യത്തിന് വേണ്ടി ഞാൻ അവിടുത്തെ കല്പനകൾ പാലിക്കാതിരിക്കുമ്പോൾ എനിക്ക് എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്? സ്വർഗ്ഗം എന്ന ലക്ഷ്യം എനിക്ക് നഷ്ട്ടപ്പെടുകയല്ലെ ചെയ്യുന്നത്?

ഈ ഭൂമിയിൽ കാണപ്പെട്ട ദൈവങ്ങളായ നമ്മുടെ മാതാപിതാക്കൾക്ക് പകരം വയ്ക്കാൻ ആരുമില്ല. ആർക്കും സാധിക്കില്ല. നമ്മുടെ മാതാപിതാക്കൾ എത്ര കഴിവ് കുറഞ്ഞവരാണെങ്കിലും, എത്ര കുറവുള്ളവരാണെങ്കിലും അവർ നമ്മുടെ എല്ലാമാണ്. അവരുടെ നിസ്വാർത്ഥ

മായ ത്യാഗം, നിഷ്കളങ്കമായ സ്നേഹം, അതിരറ്റ കരുതൽ ഇവയ്ക്ക് ഒന്നും പകരം നല്ക്കാൻ മറ്റാർക്കും സാധിക്കില്ല. കാരണം, അവർക്ക് നമ്മളോട് നിരുപാധികം ക്ഷമിക്കുവാനും, ചങ്കു തുറന്ന് സ്നേഹിക്കുവാനും മാത്രമെ അറിയൂ, മറ്റൊന്നും അറിയില്ല. നമ്മുടെ മാതാപിതാക്കൾ ജീവിച്ചിരിക്കുന്നവരാണെങ്കിൽ അവരെ നന്നായി സ്നേഹിക്കുകയും ആവശ്യമുള്ളത് ചെയ്തുകൊടുക്കുകയും ചെയ്യുക. ദൈവം അനുഗ്രഹമഴയായി പ്രതിഫലം നൽകും. മാതാപിതാക്കൾ മരിച്ചു പോയവരാണെങ്കിൽ അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കണം. നീ ദീർഘനാൾ ജീവിച്ചിരിക്കാനും നിന്റെ ദൈവമായ കർത്താവ് തരുന്ന നാട്ടിൽ നിനക്കു നൻമയുണ്ടാകുവാനും വേണ്ടി അവിടുന്നു കൽപിച്ചിരിക്കുന്നതുപോലെ നിന്റെ പിതാവിനെയും മാതാവിനെയും ബഹുമാനിക്കുക. (നിയമാവർത്തനം 5 :16) അതിനാൽ ഒരു ക്രൈസ്തവന്റെ പരമപ്രധാനമായ ജീവിത ലക്ഷ്യം എന്ന് പറയുന്നത്, സമ്പത്തോ, സുഖസൗകര്യങ്ങളോ വക്തികളോ ഒന്നുമല്ല... സ്വർഗ്ഗത്തിൽ എത്തി ചേരുക എന്നതാണ്.



## സ്വർഗ്ഗത്തിലേക്കുള്ള താക്കോൽ എന്നത് 10 കല്പ്പനകളാണ്

കഴിഞ്ഞ ജീവിതത്തിൽ വന്നു പോയ പോരായ്മകൾ ഏറ്റുപറഞ്ഞ് പാപമോചനം നേടി ഈശോക്ക് ഇഷ്ട്ടപ്പെട്ട മക്കളായിത്തീർന്ന് സ്വർഗ്ഗത്തിന് അർഹരാകുവാൻ നമുക്ക് എല്ലാവർക്കും സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു പ്രാർത്ഥിക്കുന്നു. അതിനായി ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

*

## കെസിബിസി ബൈബിൾ കമ്മീഷൻ
## ലോഗോസ് ക്വിസ് - മാതൃകാ ചോദ്യങ്ങൾ

LOGOS QUIZ (ന്യായാ 1:10, ലൂക്കാ 9:16, 2 കോറി 7:13, പ്രഭാ 34:40)

1. താൻ മറ്റു രാജാക്കന്മാരോടു ചെയ്തതുപോലെതന്നെ ആരു തന്നോടും ചെയ്തിരിക്കുന്നുവെന്നാണ് അദോണിബസേക്ക് പറഞ്ഞത്?

   ദൈവം (ന്യായാ 1:7)

2. യൂദാ മരുഭൂമി എവിടെയാണ്?

   നെഗെബിൽ ആരാദിനു സമീപം (ന്യായാ 1:16)

3. ന്യായ. 2:6-9 നു സമാനമായ വിശുദ്ധ ഗ്രന്ഥഭാഗമേത്?

   ജോഷ്വ 24:28-31

4. ആരെയാണ് നിശ്ശേഷം നശിക്കുന്നതുവരെ ഇസ്രായേൽ ജനം മേൽക്കുമേൽ പീഡിപ്പിച്ചുകൊണ്ടിരുന്നത്?

   കാനാൻ രാജാവായ യാബീനെ (ന്യായാ 4:24)

5. ബാറക്കിനോട് വിശ്വസ്തനായിരുന്നതാര്?

   ഇസാക്കർ (ന്യായാ 5:15)

6. ജായേൽ വലതുകൈയിൽ എടുത്തത് എന്താണ്?

   വേലക്കാരുടെ ചുറ്റിക (ന്യായാ 5:26)

7. ബത്ത്ബാറയും ജോർദാനും വരെയുള്ള ജലാശയങ്ങൾ പിടിച്ചടക്കിയതാര്?

   എഫ്രായിംകാർ (ന്യായാ 7:24)

8. മിദിയോനിലെ രാജാക്കന്മാർ അണിഞ്ഞിരുന്ന കണ്ഠാഭരണം, -പതക്കം,- ചെങ്കുപ്പായം,- ഒട്ടകങ്ങളുടെ കഴുത്തുപട്ട എന്നി

വയ്ക്കുപുറമേ ഗിദെയോനു ലഭിച്ച പൊൻകുൺഡലങ്ങളുടെ തൂക്കം എത്രയായിരുന്നു?
ആയിരത്തെഴുനൂറു ഷെക്കൽ (ന്യായാ 8:26)

9. സഹോദരനായ അബിമെലക്കിനെ ഭയന്ന് പലായനംചെയ്ത യോത്താം ചെന്നു താമസിച്ചതെവിടെ?
ബേറിൽ (ന്യായാ 9:21)

10. അബിമെലക്ക് തെബെസ് പട്ടണം കീഴടക്കിയപ്പോൾ അവിടത്തെ സ്ത്രീപുരുഷന്മാരെല്ലാം അഭയം തേടിയതെവിടെ?
പട്ടണത്തിനുള്ളിലെ ഒരു ബലിഷ്ഠഗോപുരത്തിൽ (ന്യായാ 9:51)

11. തോല ഏതു ഗേത്രത്തിൽപ്പെട്ടവനായിരുന്നു?
ഇസാക്കർ ഗോത്രം (ന്യായാ 10:1)

12. ന്യായാ 10:12 പ്രകാരം ഇസ്രായേൽക്കാരെ പീഡിപ്പിച്ചതാരാണ്?
സീദോന്യരും അമലേക്യരും മാവോന്യരും (ന്യായാ 10:12)

13. ദൈവഭക്തന്റെ പ്രത്യാശ ആരിലാണ്?
അവന്റെ രക്ഷകനിൽ (പ്രഭാ 34:15)

14. കർത്താവ് എങ്ങനെയുള്ള ന്യായാധിപനാണ്?
പക്ഷപാതമില്ലാത്ത ന്യായാധിപൻ (പ്രഭാ 35:15)

15. കർത്താവിനെ എങ്ങനെയാണ് മഹത്ത്വപ്പെടുത്തേണ്ടത്?
മനം തുറന്ന് (പ്രഭാ 35:10)

16. കർത്താവ് നിർമാർജനം ചെയ്യുന്നതാരെ?
ധിക്കാരികളുടെ കൂട്ടത്തെ (പ്രഭാ 35:18)

17. ആരാണ് നെടുവീർപ്പിട്ടുകൊണ്ട് അലഞ്ഞുനടക്കുന്നത്?
ഭാര്യയില്ലാത്തവൻ (പ്രഭാ 36:30)

18. ഉപദേശം ചോദിക്കരുതാത്തത് ആരോട്?
നിന്നെ സംശയിക്കുന്നവനോട് (പ്രഭാ 37:10)

19. അനേകരുടെ മരണത്തിന് ഇടയാക്കിയിട്ടുള്ളതെന്ത്?

അമിതഭോജനം (പ്രഭാ 37:31)

20. കർത്താവ് നൽകിയ സിദ്ധി ഉപയോഗിച്ച് മിശ്രിതം ഉണ്ടാക്കുന്നതാര്?

ഔഷധനിർമാതാവ് (പ്രഭാ 38:8)

21. കരവിരുതിനെ ആശ്രയിച്ചു ജോലി ചെയ്യുന്നവർ എവിടെ ഇരിക്കുന്നില്ലെന്നാണ് പ്രഭാഷകന്റെ പുസ്തകത്തിൽ കാണുന്നത്?

ന്യായാസനത്തിൽ (പ്രഭാ 38:33)

22. അത്യുന്നതന്റെ നിയമങ്ങൾ പഠിക്കുന്നതിൽ താത്പര്യമുള്ളവൻ വിലമതിക്കുന്നതെന്ത്?

വിശ്രുതരുടെ വാക്ക് (പ്രഭാ 39:2)

23. ദുഷ്ടർക്കു കർത്താവിന്റെ മാർഗം എങ്ങനെയായിരിക്കും?

പ്രതിബന്ധങ്ങൾ നിറഞ്ഞത് (പ്രഭാ 39:24)

24. എന്തിനുവേണ്ടിയാണ് പ്രതികാരത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടവ ഒരുങ്ങിയിരിക്കുന്നത്?

കർത്തവ്യനിർവഹണത്തിനുവേണ്ടി (പ്രഭാ 39:31)

25. കണ്ണിന് ആനന്ദം നൽകുന്നതെന്ത്?

പ്രസന്നതയും സൗന്ദര്യവും (പ്രഭാ 40:22)

26. ഞാൻ ആരെന്നാണു ജനങ്ങൾ പറയുന്നത് എന്ന ചോദ്യത്തിനുശേഷം യേശു രണ്ടാമതു ചോദിച്ച ചോദ്യമെന്ത്?

ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത് (ലൂക്കാ 9:20)

27. രൂപാന്തരീകരണശേഷം യേശുവും ശിഷ്യന്മാരും മലയിൽ നിന്ന് ഇറങ്ങിവന്നത് എപ്പോഴാണ്?

പിറ്റേദിവസം (ലൂക്കാ 9:37)

28. ലൂക്കാ 9:35 ൽ ചില കൈയഴുത്തുപ്രതികളിൽ കാണുന്നതെന്ത്?
ഇവൻ എന്റെ പ്രിയനാകുന്നു.

29. കൊയ്ത്തിനു വേലക്കാരെ അയയ്ക്കാൻ ആരോടു പ്രാർത്ഥിക്കാനാണ് യേശു ആവശ്യപ്പെടുന്നത്?
കൊയ്ത്തിന്റെ നാഥനോട് (ലൂക്കാ 10:2)

30. സുവിശേഷദൗത്യത്തിനുശേഷം 72 പേർ തിരിച്ചെത്തിയപ്പോൾ അവർ എന്തിൽ സന്തോഷിക്കേണ്ടാ എന്നാണ് യേശു മുന്നറിയിപ്പു നൽകുന്നത്?
പിശാചുക്കൾ കീഴടങ്ങുന്നു എന്നതിൽ (ലൂക്കാ 10:20)

31. "ഇവന്റെ കാര്യം നോക്കിക്കൊള്ളണം. കൂടുതലായി എന്തെങ്കിലും ചെലവാകുന്നെങ്കിൽ ഞാൻ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം." ആര് ആരോടു പറഞ്ഞു?
സമരിയാക്കാരൻ സത്രം സൂക്ഷിപ്പുകാരനോട് (ലൂക്കാ 10:35)

32. സഹോദരിമാരിൽ നല്ല ഭാഗം തിരഞ്ഞെടുത്തവളെന്ന് യേശു വിശേഷിപ്പിക്കുന്നത് ആരെക്കുറിച്ചാണ്?
മറിയം (ലൂക്കാ 10:42)

33. നല്ല സമരിയാക്കാരന്റെ ഉപമയിൽ "കവർച്ചക്കാരന്റെ കൈയിൽപ്പെട്ട മനുഷ്യന് മൂവരിൽ ആരാണ് അയൽക്കാരൻ" എന്ന യേശുവിന്റെ ചോദ്യത്തിന് നിയമജ്ഞർ നല്കിയ മറുപടിയെന്ത്?
അവനോടു കരുണ കാണിച്ചവൻ (ലൂക്കാ 10:37)

34. യോനായുടെ പ്രസംഗം കേട്ട ജനങ്ങൾ എന്തു ചെയ്തു?
പശ്ചാത്തപിച്ചു (ലൂക്കാ 11:32)

35. നിയമജ്ഞരുടെ പിതാക്കന്മാർ പ്രവാചകന്മാരെ വധിച്ചപ്പോൾ നിയമജ്ഞർ അവർക്കുവേണ്ടി എന്തുചെയ്യുന്നു എന്നാണ് യേശു കുറ്റപ്പെടുത്തുന്നത്?
അവർക്കുവേണ്ടി കല്ലറ പണിയുന്നു (ലൂക്കാ 11:48)

36. അനേകവർഷത്തേക്കുവേണ്ട വിഭവങ്ങൾ സംഭരിച്ച ഭോഷനായ ധനികൻ തുടർന്ന് എന്തു ചെയ്യുവാനാണു തീരുമാനിച്ചത്?

വിശ്രമിക്കാനും തിന്നുകുടിച്ച് ആനന്ദിക്കാനും (ലൂക്കാ 12:19)

37. ശത്രുവുമൊത്ത് ന്യായാധിപന്റെ അടുക്കലെത്തുമ്പോൾ ന്യായാധിപൻ നിന്നെ ആർക്കാണ് ഏല്പിച്ചുകൊടുക്കുന്നത്?

കാരാഗൃഹപാലകന് (ലൂക്കാ 12:58)

38. കൂനിയായ സ്ത്രീയെ കണ്ടപ്പോൾ യേശു ആദ്യം ചെയ്തതെന്ത്?

അവളെ അടുത്ത് വിളിച്ചു (ലൂക്കാ 13:12)

39. കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വടക്കുനിന്നും തെക്കുനിന്നും ജനങ്ങൾ വന്ന് ദൈവരാജ്യത്തിൽ വിരുന്നിനിരിക്കും. ലൂക്കാ സുവിശേഷകൻ ഈ വചനത്തിലൂടെ വ്യക്തമാക്കുന്ന ആശയമെന്ത്?

സാർവ്വത്രികരക്ഷ (ലൂക്കാ 13:29)

41. സാബത്തിൽ രോഗശാന്തി നൽകുന്നത് അനുവദനീയമോ അല്ലയോ എന്ന യേശുവിന്റെ ചോദ്യത്തിന് ഫരിസേയരുടെയും നിയമജ്ഞരുടെയും മറുപടി എന്തായിരുന്നു?

അവർ നിശ്ശബ്ദരായിരുന്നു (ലൂക്കാ 14:4)

42. ആരെയെല്ലാം പ്രതിയല്ല താൻ കോറിന്തോസുകാർക്ക് എഴുതിയതെന്നാണ് പൗലോസ് ശ്ലീഹാ പറയുന്നത്?

അപരാധം ചെയ്തവനെയോ അപരാധത്തിന് ഇരയായവനെയോ (2 കോറി 7:12)

43. എപ്പോഴാണ് ഒരുവന്റെ കഴിവനുസരിച്ചുള്ള ദാനം ദൈവം സ്വീകരിക്കുന്നത്?

താത്പര്യത്തോടെയാണ് നൽകുന്നതെങ്കിൽ (2 കോറി 8:12)

44. 2 കോറി 10:4 ൽ എന്തിനെപ്പറ്റിയാണ് ജഡികമല്ല എന്ന് പൗലോസ ശ്ലീഹാ പറയുന്നത്?

തങ്ങളുടെ സമരായുധങ്ങൾ (2 കോറി 10:4)

45. എന്തിനുവേണ്ടിയാണ് പൗലോസ് ശ്ലീഹായും സഹോദരരും എല്ലാ ചിന്താഗതികളെയും കീഴ്പ്പെടുത്തുന്നത്?

ക്രിസ്തുവിനെ അനുകരിക്കേണ്ടതിന് (2 കോറി 10:5)

46. ബുദ്ധിമാന്മാരായ കോറിന്തോസുകാർ ആരോട് സന്തോഷ പൂർവം സഹിഷ്ണുത കാണിക്കുന്നുണ്ടെന്നാണ് പൗലോസ് ശ്ലീഹാ എഴുതുന്നത്?

വിഡ്ഢികളോട് (2 കോറി 11:19)

47. എങ്ങനെയുള്ള കാര്യങ്ങളാണ് പറുദീസായിലേക്ക് ഉയർത്തപ്പെട്ട മനുഷ്യൻ കേട്ടത്?

അവാച്യവും മനുഷ്യനു വിവരിച്ചുകൂടാത്തതുമായ കാര്യങ്ങൾ (2 കോറി 12:4)

48. ശരീരത്തിൽ നൽകപ്പെട്ടിരിക്കുന്ന മുള്ള്, തന്നെ വിട്ടകലാൻ വേണ്ടി പൗലോസ് ശ്ലീഹാ എത്ര പ്രാവശ്യം കർത്താവിനോടപേക്ഷിച്ചു?

മൂന്ന് പ്രാവശ്യം (2 കോറി 12:8)

49. കോറിന്തോസുകാർ ഗ്രഹിക്കുമെന്ന് പൗലോസ് ശ്ലീഹാ പ്രതീക്ഷിക്കുന്നതെന്ത്?

തങ്ങൾ (അപ്പസ്തോലന്മാർ) പരാജയപ്പെട്ടിട്ടില്ലെന്ന് (2 കോറി 13:6)

50. കോറിന്തോസുകാരുടെകൂടെ ആര് ഉണ്ടായിരിക്കുമെന്നാണ് പൗലോസ് ശ്ലീഹാ ഉറപ്പുനൽകുന്നത്?

സ്നേഹത്തിന്റെയും ശാന്തിയുടെയും ദൈവം (2 കോറി 13:11)

**ലോഗോസ് രൂപതാതല പരീക്ഷയ്ക്ക് ഈ ചോദ്യങ്ങൾ ഏറെ പ്രയോജനകരമാണ്**

# 2025 കേരള സഭ ഹരിതശീല വർഷമായി ആചരിക്കും: കെസിബിസി

കൊച്ചി: 2025 ൽ 'ലൗദാത്തോ സി'യുടെ പത്താം വാർഷികാഘോഷത്തിന്റെയും ആഗോളസഭയുടെ മഹാജൂബിലിയോടനു ബന്ധിച്ചുള്ള കേരള സഭാനവീകരണത്തിന്റെയും ഭാഗമായി, കേരളസഭ ഒന്നാകെ സംസ്ഥാന തലത്തിലും രൂപത, ഇടവക തലങ്ങളിലും സഭാ സ്ഥാപനങ്ങളിലും കുടുംബങ്ങളിലും ഹരിതശീല പ്രയത്നങ്ങൾ ശക്തിപ്പെടുത്തണമെന്ന് കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ 2024 ഓഗസ്റ്റ് മാസത്തിൽ കൂടിയ യോഗം ആഹ്വാനം ചെയ്തു. 2025 കേരളസഭ ഹരിതശീല വർഷമായി ആചരിക്കും. താഴെ പറയുന്നവയാണ് സഭ ഹരിതശീല വർഷാചരണത്തിലൂടെ ലക്ഷ്യമിടുന്നത്:

1. 2025 ജനുവരി മുതൽ 2026 ഡിസംബർ വരെയുള്ള രണ്ട് വർഷത്തിനുള്ളിൽ കേരളത്തിലെ മുഴുവൻ രൂപതകളെയും ഇടവകകളെയും സ്ഥാപനങ്ങളെയും ഹരിത ചട്ടങ്ങൾ പാലിക്കുന്ന കാർബൺ ന്യൂട്രൽ സംവിധാനങ്ങളായി രൂപാന്തരപ്പെടുത്തുക.

2. ഇടവകകളും സ്ഥാപനങ്ങളും ഗ്രീൻ ഓഡിറ്റ് നടത്തുകയും, ഹരിതചട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.

3. എല്ലാ കത്തോലിക്കാ സ്ഥാപനങ്ങളും ഇടവകകളും ആഗോള സഭയുടെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സംവിധാനമായ 'ലൗദാത്തോ സി ആക്ഷൻ പ്ലാറ്റ്ഫോമിൽ' (LSAP) അംഗമാകുകയും തുടർപ്രവർത്തനങ്ങളുടെ ഭാഗമാകുകയും ചെയ്യുക.

2024 ഓഗസ്റ്റ് മുതൽ ഡിസംബർവരെ റീജിയണൽ, രൂപതാ തലങ്ങളിൽ ഇടവകകളും സ്ഥാപനങ്ങളും കാർബൺ ന്യൂട്രൽ പദവിയിലേക്ക് മാറുന്നതിന് ആവശ്യമായ ബോധവൽക്കരണ പരിപാടികളും പരിശീലനങ്ങളും സംഘടിപ്പിക്കപ്പെടും. 2025 ജനുവരി

മുതൽ 2026 ഡിസംബർ വരെയുള്ള കാലയളവിൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ആഗോള താപനവും കാലാവസ്ഥാവ്യതിയാനവും ഐക്യ രാഷ്ട്ര സംഘടന (UNFCC) യുടെ നേതൃത്വത്തിൽ ലോകരാഷ്ട്രങ്ങൾ പഠനവിഷയമാക്കുകയും തത്ഫലമായി ഓരോ ജനസമൂഹവും പിന്തുടരേണ്ട പരിസ്ഥിതി സംരക്ഷണ ശീലങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ 2023 ൽ ദുബായ് യിൽ വച്ച് നടന്ന COP 28 ഉച്ചകോടിയിലും കാർബൺ ബഹിർഗമനം കുറയ്ക്കുന്ന തിനുതകുന്ന 'ശുദ്ധ ഊർജ്ജ'ത്തിലേക്ക് മാറുവാൻ ലോകരാഷ്ട്രങ്ങളെ ആഹ്വാനം ചെയ്തിരുന്നു. ഫ്രാൻസിസ് മാർപാപ്പയും കാർബൺ എമിഷൻ പരമാവധി കുറയ്ക്കുന്നതിനുതകുന്ന ജീവിതരീതി പിൻതുടരുവാൻ സഭാ മക്കളെ ആഹ്വാനം ചെയ്യുന്നുണ്ട്. നമ്മുടെ പൊതുഭവനമായ ഭൂമിയെ പരിരക്ഷിക്കുകയെന്ന ആഹ്വാനത്തോടെ 2015 ൽ 'ലൗതാത്തോ സി' എന്ന ചാക്രിക ലേഖനത്തിലൂടെ ലോക രാജ്യങ്ങളോടും സഭയോടും സംവദിച്ച ഫ്രാൻസിസ് മാർപാപ്പ, കാലാവസ്ഥാ വ്യതിയാനത്തിലൂടെ അതീവ പാരിസ്ഥിതിക വെല്ലുവിളികൾ നേരിടുന്ന ഭൂമിക്ക് കൂടുതൽ സംരക്ഷണമാർഗ്ഗങ്ങൾ ഏർപ്പെടുത്തണമെന്ന ആഹ്വാനത്തോടെയാണ് 2023 ൽ 'ലൗദാത്തെ ദേയും' എന്ന അപ്പോസ്തോലിക പ്രബോധനം ഒരേ വിഷയത്തിൽ തന്നെ വീണ്ടും നൽകിയിട്ടുള്ളത്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭവിഷ്യത്തുകൾ ആരോഗ്യപരിപാലനം, ജീവനോപാധികൾ, വരുമാന മാർഗ്ഗങ്ങൾ, കാർഷിക പ്രവർത്തനങ്ങൾ, ജലവിഭവം തുടങ്ങിയ മേഖലകളെയെല്ലാം അതീവ ഗൗരവമായി ബാധിക്കുമെന്നും; ഇത് നിർബന്ധിത പലായനത്തിനുപോലും കാരണമാകുമെന്നും മുന്നറിയിപ്പ് നല്കപ്പെട്ടിട്ടുമുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ദുരന്തഫലം നമ്മുടെ നാട്ടിൽ പോലും പ്രകടമായികൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിലാണ് കേരള മെത്രാൻസമിതി കാർബൺ ന്യൂട്രൽ ആകാനുള്ള ആഹ്വാനം നല്കിയിട്ടുള്ളത്.

# വയനാട് - വിലങ്ങാട് ഉരുൾപൊട്ടൽ **കത്തോലിക്കാസഭ 100 വീടുകൾ നിർമ്മിച്ചുനൽകും: കെസിബിസി**

കൊച്ചി: വയനാട്ടിൽ ചൂരൽമലയിലും മുണ്ടക്കൈയിലും കോഴിക്കോട് വിലങ്ങാട് പ്രദേശങ്ങളിലും ഉണ്ടായ ഉരുൾപൊട്ടലിൽ വീടുകൾ നഷ്ട പ്പെട്ടവർക്ക് കേരള കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ 100 വീടു കൾ നിർമ്മിച്ചു നൽകാൻ കേരള കത്തോലിക്കാമെത്രാൻസമിതി (കെസിബിസി) ആഗസ്റ്റ് അഞ്ചിന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചു. കേരള കത്തോലിക്കാസഭയിലെ എല്ലാ രൂപതകളും സന്യാസസമൂഹങ്ങളും സഭാസ്ഥാപനങ്ങളും വ്യക്തികളും സംവിധാനങ്ങളും സംയുക്ത മായിട്ടാണ് ദുരന്തനിവാരണ പദ്ധതിയിൽ പ്രവർത്തിക്കുന്നത്.

1. ആദ്യഘട്ടത്തിൽ, വയനാട്ടിലും വിലങ്ങാട് പ്രദേശത്തും സ്ഥലവും വീടും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ട 100 കുടുംബങ്ങൾക്ക്



സർക്കാർ നിർദ്ദേശിക്കുന്ന സ്ഥലത്ത് വീടുകൾ നിർമ്മിച്ചു നൽകുന്നതാണ്. ഈ വീടുകൾക്ക് ആവശ്യമായ വീട്ടുപകരണങ്ങൾ ലഭ്യമാക്കുന്നതുമാണ്.

2. സഭയുടെ ആശുപത്രികളിൽ സേവനംചെയ്യുന്ന വിദഗ്ധരായ ഡോക്ടർമാരുടെയും മെഡിക്കൽ സംഘത്തിന്റെയും സേവനം ആവശ്യപ്രകാരം ലഭ്യമാക്കുന്നതാണ്.
3. സഭ ഇതിനോടകം നൽകിവരുന്ന ട്രൗമാ കൗൺസിലിംഗ് സേവനം തുടരുന്നതാണ്.
4. കേരള കത്തോലിക്കാസഭയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സഭയുടെ

സാമൂഹ്യ സേവന വിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെസിബിസിയുടെ ജസ്റ്റിസ് പീസ് ആൻഡ് ഡെവലപ്മെന്റ് കമ്മീഷന്റെ കീഴിലാണ് പ്രസ്തുത സേവനവിഭാഗം പ്രവർത്തിക്കുന്നത്. ഈ പ്രവർത്തനങ്ങളെല്ലാം കേരള സർക്കാരിന്റെ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗത്തിന്റെ നിർദേശങ്ങൾക്കനുസരിച്ച് സഭയുടെ നേതൃത്വത്തിലായിരിക്കും നടപ്പിലാക്കുന്നത്.

വയനാട്ടിലും വിലങ്ങാടും ഉരുൾപൊട്ടൽ മൂലം സർവവും നഷ്ടപ്പെട്ട സഹോദരീസഹോദരന്മാരുടെ ദുഃഖത്തിൽ കേരള കത്തോലിക്കാസഭ പങ്കുചേരുന്നു. ജീവൻ നഷ്ടപ്പെട്ടവരുടെ ആത്മശാന്തിക്കായി പ്രാർഥിക്കുന്നു. ഒരായുസ്സുകൊണ്ട് അധ്വാനിച്ചു സമ്പാദിച്ച ഭൂമിയും ഭവനവും ജീവനോപാധികളും വീട്ടുപകരണങ്ങളും നഷ്ടപ്പെട്ടവരുടെ കണ്ണീരുണക്കാൻ ആശ്വാസവാക്കുകൾ പര്യാപ്തമല്ലായെങ്കിലും മലയാളിയുടെ മനസ്സിന്റെ നന്മ ഇതിനോടകം പലരുടെയും സഹായ വാഗ്ദാനങ്ങളിലൂടെ പ്രകാശനമായിട്ടുണ്ട്. സർക്കാരും സർക്കാർ സംവിധാനങ്ങളും സന്നദ്ധ സംഘടനകളും ദുരിതത്തിൽ അകപ്പെട്ടവരുടെ പുനരധിവാസത്തിന് ഇതിനോടകം പല പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ടെന്നത് വലിയ പ്രതീക്ഷ നല്കുന്നു. സുമനസ്സുകളായ എല്ലാവരോടും ചേർന്ന് പ്രവർത്തിക്കുവാൻ കേരള കത്തോലിക്കാസഭ പ്രതിജ്ഞാബദ്ധമാണ്.

കെ.സി.ബി.സി യോഗത്തിൽ സീറോമലബാർ സഭ അധ്യക്ഷൻ അഭിവന്ദ്യ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ, കേരള റീജണൽ ലാറ്റിൻ കത്തോലിക്ക ബിഷപ്പ്സ് കൗൺസിൽ (KRLCBC) പ്രസിഡന്റ് ഡോക്ടർ വർഗീസ് ചക്കാലക്കൽ എന്നിവരുൾപ്പെടെ 36 മെത്രാന്മാർ സംബന്ധിച്ചു.

+ കർദിനാൾ ബസേലിയസ് ക്ലീമിസ് കാതോലിക്കാ ബാവാ
(പ്രസിഡന്റ്, കെസിബിസി)

+ മാർ പോളി കണ്ണൂക്കാടൻ
(വൈസ് പ്രസിഡന്റ്, കെസിബിസി)

+ ബിഷപ്പ് ഡോ. അലക്സ് വടക്കുംതല
(സെക്രട്ടറി ജനറൽ, കെസിബിസി)

## മധുരം സായന്തനം

കൊച്ചി : കെസിബിസി മീഡിയ കമ്മീഷൻ പാലാരിവട്ടം പിഒസിയിൽ മുതിർന്ന പൗരന്മാരുടെ 'സൗഹൃദ വേദിയായി' സംഘടിപ്പിച്ചു. ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ ഉദ്ഘാടനം ചെയ്തു. കോ-ഓർഡിനേറ്റർ ജോസഫ് വെള്ളേപ്പറമ്പിൽ അധ്യക്ഷനായി. ഡോ. ജോർജ് മരങ്ങോലിൽ, കൃഷ്ണകുമാർ, അഗസ്റ്റിൻ ചിലമ്പിക്കുന്നേൽ, മേരി കുര്യൻ കളമശ്ശേരി, ജാൻസി തുടങ്ങിയവർ സംസാരിച്ചു.



**പാലാരിവട്ടം പിഒസിയിൽ മുതിർന്ന പൗരന്മാരുടെ സൗഹൃദവേദിയായ 'മധുരം സായന്തനം' പരിപാടിയിൽ പങ്കെടുത്തവർ അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.**

സമീക്ഷകൻ

# മറക്കരുത്, **മനുഷ്യന്റെ മാഹാത്മ്യം**

പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ (പി.ഒ.സി) 2024 ഓഗസ്റ്റ് മാസത്തിൽ പ്രസിദ്ധീകരിച്ച 'അനന്ത മാഹാത്മ്യം' എന്ന ചെറുഗ്രന്ഥം മനുഷ്യരാശിയുടെ ഈ ലോകത്തിലെ വരുംകാല തീർത്ഥാടനങ്ങളിലേക്ക് കത്തോലിക്കാസഭ കുറിച്ചിടുന്ന മുന്നറിയിപ്പുകളുടെ കൈപ്പുസ്തകമാണ്. ബഹുഭാഷാ പണ്ഡിതനായ ഫാ. ഡോ. ജേക്കബ് പ്രസാദാണ് കത്തോലിക്കാസഭയുടെ വിശ്വാസ പ്രബോധനസംബന്ധ മന്ത്രാലയം പുറപ്പെടുവിച്ച ഈ പ്രഖ്യാപന രേഖ മലയാള ഭാഷയിലേക്ക് വിവർത്തനം ചെയ്തിട്ടുള്ളത്. മനുഷ്യമാഹാത്മ്യത്തിന്റെ കേന്ദ്രീയതയെക്കുറിച്ച് വർധിച്ചുവരുന്ന അവബോധം, മനുഷ്യമാഹാത്മ്യത്തെ കുറിച്ചുള്ള സഭയുടെ കരുതലുകൾ, മനുഷ്യാവകാശങ്ങളും കടമകളുമായുള്ള മനുഷ്യവ്യക്തിയുടെ സുദൃഢബന്ധത്തിന്റെ വിശകലനം, മനുഷ്യമാഹാത്മ്യത്തിനെതിരെയുള്ള ഗുരുതര ലംഘനങ്ങൾ എന്നിങ്ങനെയുള്ള വിഷയങ്ങളാണ് ഈ രേഖ ചർച്ച ചെയ്യുന്നത്. നമുക്ക് ചുറ്റും സംഭവിച്ചുകൊണ്ടിരിക്കുന്ന മനുഷ്യകേന്ദ്രീകൃതമല്ലാത്ത എല്ലാ പ്രവർത്തനങ്ങൾക്കും എതിരെയുള്ള വിചാരണയും വിശകലനവും ഈ ഗ്രന്ഥത്തിലുണ്ട്.

പ്രപഞ്ചത്തിന്റെ മൂലകഘടനകൾ മനുഷ്യരുമായി എത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നുവെന്നതിന് ശാസ്ത്രത്തിന്റെ സാക്ഷ്യമുണ്ട്. അതാകട്ടെ, പ്രപഞ്ചത്തിനായി ദൈവം ശ്രദ്ധാപൂർവം വരച്ചിട്ട ഈണവും താളവുമുള്ള ഒരു സിംഫണിപോലെ അതിമനോഹരവുമാണ്. വായുവിലെ ഓക്സിജൻ 21 ശതമാനം, അത് 25 ശതമാനമായി വർധിച്ചാൽ ഭൂമിയുടെ ഹരിതാഭയിൽ കരിപുളരും. മനുഷ്യശരീരത്തിലും സമുദ്രത്തിലും 3.4 ശതമാനമാണ് ഉപ്പിന്റെ അളവ്. അത് 6 ശതമാനമായാൽ സമുദ്രങ്ങൾ ചാവുകടലുകളാകും. ഭൂമിയിലെ 71 ശതമാനവും ജലമാണ്. മനുഷ്യശരീരത്തിലുള്ള ജലമാകട്ടെ 70 ശതമാനവും!

സഭ അവളുടെ ദൗത്യത്തിന്റെ തുടക്കം മുതലേ സുവിശേഷത്താൽ പ്രേരിതയായി നടത്തിയ മാനുഷിക സ്വാതന്ത്ര്യ പ്രഖ്യാപനങ്ങളുടെ സമകാലിക വിചിന്തനമാണ് ഈ ഗ്രന്ഥം. 'ഇതാണ് വഴി. ഇതിലെ പോവുക' എന്ന വചനവെളിച്ചത്തിൽ വേണം ഈ ഗ്രന്ഥം വിശ്വാസികൾ ഹൃദിസ്ഥമാക്കേണ്ടതും, ദൈനംദിനജീവിതത്തിൽ പ്രാവർത്തികമാക്കേണ്ടതും.

**– ആന്റണി ചടയംമുറി –**

*High Quality Printing with Divinity*

# DIVINE
## PRINTERS & PUBLISHERS




HEIDELBERG - 4 COLOUR



WEBOFFSET

- **Multicolour Offset Printing**
- **Weboffset Printing**
- **CTP Unit**
- **Skilled Workers**



HEIDELBERG - CTP

**DIVINE NAGAR, MURINGOOR, CHALAKUDY**

**9745027755**
**8547606815**

ctpdivine@gmail.com
ctpdivine2017@gmail.com
dtpdivine@gmail.com

we exports different kinds of printing works to worldwide

TALENT August 2024
Total Pages : 68 PRICE per copy : Rs. 15

RNI No. KER/MAL/29523/78




Printed and published by Fr. Jolly Vadakken for Talent Publication Society,
P.O.C., Palarivattom, Kochi - 682 025
Printed at Divine Printers, Muringoor, Chalakudy. Chief Editor : Fr. Tony Kozhimannil